# ഭാഗം 15 യാത്രാ വിവരണം

**ഉള്ളടക്കം**


15.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
15.1 വിഷയാവതരണവും പാഠഭാഗവും
പാഠം-1 ഭക്തപുരവും പഠനും
15.2 പാഠസംഗ്രഹം
15.3 കുറിപ്പുകൾ
15.4 പദബോധനം
പുരോഗതി സ്വയം പരിശോധിക്കുക—1
15.5 വിഷയാവതരണവും പാഠഭാഗവും
പാഠം-2 വിന്ധ്യഹിമാലയങ്ങൾക്കിടയിൽ
15.6 ലേഖകപരിചയം
15.7 പാഠസംഗ്രഹം
15.8 ശ്രദ്ധേയമായ പ്രയോഗങ്ങൾ
പുരോഗതി സ്വയം പരിശോധിക്കുക—2
15.9 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം


## 15.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മനുഷ്യർ എന്നും സഞ്ചാരപ്രിയരാണ്. വനാന്തരങ്ങളിൽ അലഞ്ഞു തിരിഞ്ഞ ആദിമ മനുഷ്യന് സഞ്ചാരം ജീവിതം തന്നെയായിരുന്നു. സൗകര്യങ്ങൾ തേടിയുള്ള ആ യാത്ര അവരെ പുതിയ സങ്കേതങ്ങളിൽ കൊണ്ടെത്തിച്ചു. സാമൂഹികജീവിതം കെട്ടിപ്പടുക്കുകയും സ്വന്തമായി വീടും കുടുംബവും സ്ഥാപിക്കുകയും ചെയ്തപ്പോൾ സഞ്ചാരം ജീവിതത്തിൻെറ ഒരു ഭാഗം മാത്രമായി. അതോടെ സഞ്ചാരം ചില സ്ഥലങ്ങളെ കേന്ദ്രീകരിച്ചുകൊണ്ടുള്ളതായി. യാത്രയും മടക്കയാത്രയും ഈ ജീവിതത്തിൻെറ ഫലമാണ്. അദ്ധ്വാനശേഷി കൂടുകയും ഉല്പന്നങ്ങൾ വർദ്ധിക്കുകയും ചെയ്തപ്പോൾ കച്ചവടം ആവശ്യമായി വന്നു. ആവശ്യങ്ങൾ വർദ്ധിച്ചപ്പോൾ അന്യദിക്കുകളിൽചെന്ന് സാധനങ്ങൾ സംഭരിച്ചു തുടങ്ങി. ആദ്യകാല സഞ്ചാരികളിൽ പ്രധാനികൾ കച്ചവടക്കാരായിരുന്നു. ആധുനിക മനുഷ്യന് യാത്ര ദിനചര്യയുടെ ഭാഗമായിക്കഴിഞ്ഞു. അനിവാര്യവും ആയാസകരവുമായ ഇന്നത്തെ യാത്ര സഞ്ചാരത്തിൽനിന്നു ലഭിക്കേണ്ട സുഖം നല്കുന്നതേയില്ല.

ആധുനിക മനുഷ്യൻെറ യാത്ര കച്ചവടവും തൊഴിലന്വേഷണവുമാണ് പ്രധാനമായും ലക്ഷ്യം വക്കുന്നത്. വിജ്ഞാനവും പുത്തൻ പുത്തൻ അനുഭവങ്ങളും തേടിയുള്ള യാത്രകളും കുറവല്ല. യാത്ര ഏററവും നല്ല വിജ്ഞാന സമ്പാദനമാർഗ്ഗമാണ്. പുതിയ ജനസമൂഹവും ചുററുപാടുകളുമായി ഇടപഴകാൻ അവസരം കിട്ടുന്നു. അവരുടെ ജീവിത രീതികളും സാംസ്കാരിക പാരമ്പര്യവും മനസ്സിലാക്കുകയും അതിലൂടെ അവരുടെ സാമൂഹികവും രാഷ്ട്രീയവുമായ നിലപാടുകളും ഒക്കെ പഠിക്കുകയും ചെയ്യുവാൻ അവസരം ലഭിക്കുന്നു. മനുഷ്യനേയും മനുഷ്യസംസ്കാരത്തെയും കുറിച്ചു നേരിട്ടുള്ള അറിവും അതിലൂടെ ലഭിക്കുന്ന ഹൃദയവിശാലതയും സഞ്ചാരിയുടെ സ്വകാര്യ സമ്പാദ്യമായി തീരുന്നു.

മനുഷ്യന്റെ ജീവിതസാഹചര്യങ്ങൾ അത്യധികം സങ്കീർണ്ണമായിക്കൊണ്ടിരിക്കുന്നു. തിരക്കിനിടയിൽ ദിനചര്യകൾക്കപ്പുറത്തുള്ള ഒരു യാത്രയും പലർക്കും തരപ്പെടാറില്ല. യാത്രക്കു സമയം കണ്ടെത്തുന്നവരിൽത്തന്നെ ചുരുക്കം ആളുകൾക്കേ യാത്രയുടെ സുഖം അനുഭവിക്കാൻ കഴിയാറുള്ളൂ. ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ കാര്യങ്ങൾ വിശകലനം ചെയ്ത് വിശദമാക്കാനുള്ള കഴിവും ചുരുക്കം ആളുകൾക്കേ ഉണ്ടാകാറുള്ളൂ. യാത്ര ചെയ്യാനോ കാലിക സംഭവങ്ങളെ ചരിത്രത്തിന്റെ പശ്ചാത്തലത്തിൽ നോക്കി കാണാനോ കഴിവില്ലാത്ത സാധാരണക്കാരിലും ഇതിനൊക്കെ വേണ്ടിയുള്ള ആഗ്രഹം ശക്തമായിരിക്കും. യാത്രചെയ്യാതെതന്നെ യാത്രയുടെ ഫലങ്ങൾ അനുഭവിപ്പിക്കുവാനുള്ള സാഹചര്യം മാനസിക തലത്തിൽ സൃഷ്ടിക്കുകയാണ് യാത്രാവിവരണസാഹിത്യം ചെയ്യുന്നത്. സഞ്ചാരി നേരിട്ടനുഭവിച്ച കാര്യങ്ങളും അയാൾക്കു നേരിടേണ്ടിവന്ന തടസ്സങ്ങളും ഒക്കെ സഞ്ചാര സാഹിത്യത്തിലൂടെ നമുക്കു ഹൃദ്യമായി അനുഭവപ്പെടുന്നു. സാഹിത്യകൃതികൾ വായനക്കാരനു നൽകുന്ന അനുഭൂതിവിശേഷവും വൈജ്ഞാനിക ഗ്രന്ഥങ്ങൾ നൽകുന്ന അറിവും ഒരുമിച്ചു നൽകാൻ സഞ്ചാരസാഹിത്യത്തിനു കഴിയും.

മലയാളഭാഷയിലെ ശ്രദ്ധേയമായ ഒരു സാഹിത്യശാഖയാണ് സഞ്ചാരസാഹിത്യം. ലോകപ്രശസ്തനായ ഒരു സഞ്ചാരസാഹിത്യകാരനും നമുക്കുണ്ട്; എസ്.കെ.

മററു സാഹിത്യകൃതികളിലെ ഭാഷയിൽനിന്ന് വ്യത്യസ്തമായ പ്രത്യേകതകളൊന്നും സഞ്ചാരസാഹിത്യത്തിലെ ഭാഷ പ്രദർശിപ്പിക്കുന്നില്ല. മറുനാടുകളിലെ ആളുകളുടേയും സ്ഥലങ്ങളുടേയും പേരുകൾ അവരുടെ ആഹാരസാധനങ്ങളേയും ദൈനംദിന ജീവിതത്തിൽ അനുവർത്തിക്കുന്ന ആചാരവിശ്വാസങ്ങളേയും കുറിക്കുന്ന പദങ്ങൾ എല്ലാംകൂടി കുറെ പദങ്ങൾ നമുക്കു മുതൽക്കൂട്ടാകുന്നു എന്നു പറയാം. പുതിയ വാക്കുകൾ പരിചയപ്പെടുത്തുന്നതോടൊപ്പം മലയാളത്തിലെ സഞ്ചാരസാഹിത്യത്തിന്റെ ഒരു മാതൃക പ്രദർശിപ്പിക്കുക ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യമാകുന്നു.

## 15.1 വിഷയാവതരണം

സഞ്ചരിക്കാൻ ഇഷ്ടമില്ലാത്തവർ പ്രായേണ കുറയും, ഇല്ലേ? പുതിയ അനുഭവങ്ങൾ തേടാനുള്ള മനസ്സിന്റെ പ്രവണതയാണ് സഞ്ചാരത്തിന് പ്രേരിപ്പിക്കുന്നത്. വിദൂരസ്ഥലങ്ങളിലേക്ക് യാത്രചെയ്യാൻ ചിലർക്കെങ്കിലും അവസരം കിട്ടിയിട്ടുണ്ടാകും. അടുത്തും അകലെയും യാത്രചെയ്യുമ്പോൾ പുതിയ പുതിയ സ്ഥലങ്ങൾ മാത്രമല്ല, മനുഷ്യരും അവരുടെ ആചാരവിചാരങ്ങളും പെരുമാററവും ദൃഷ്ടിയിൽപ്പെടുന്നു. ഓരോ യാത്രയും വലിയ ഒരു അനുഭവവും മനോഹരമായ ഒരു അനുഭൂതിയുമായി മാറുന്നു. കണ്ണും കാതും കൂർപ്പിച്ച് യാത്ര ചെയ്യുമ്പോൾ ഓരോ ചുവട് വയ്പും രസകരമായി തോന്നാം. ഓർക്കാപ്പുറത്തുണ്ടാകുന്ന സംഭവങ്ങൾ മനസ്സിനെ വിഷമിപ്പിച്ചെന്നും വരാം. ഇവയെല്ലാം മധുരമായ അനുഭൂതികളായി മനസ്സിൽ ഉറഞ്ഞുകൂടും. ഉള്ളിണക്കമുള്ള സുഹൃത്തുക്കളുമായി ഈ അനുഭവങ്ങൾ പങ്കുവയ്ക്കാൻ ചിലർക്കെങ്കിലും ആഗ്രഹമുണ്ടാവാതിരിക്കില്ലല്ലോ. സരസമായി ഈ അനുഭവങ്ങൾ പങ്കുവയ്ക്കാൻ നിങ്ങൾക്ക് സാധിച്ചാൽ സംശയിക്കേണ്ട, നിങ്ങളിൽ ഒരു സഞ്ചാര സാഹിത്യകാരൻ ഉറങ്ങിക്കിടക്കുന്നുണ്ട്. ഇതുവരെ യാത്രയെപ്പററി എഴുതിയിട്ടില്ലേ? എങ്കിൽ സമയമായി എന്നു മനസ്സിലാക്കുക. എങ്ങനെ എഴുതി തുടങ്ങണമെന്ന് തീരുമാനമെടുക്കാൻ കഴിയുന്നില്ലേ? എങ്കിൽ എസ്.കെ. പൊററക്കാടിന്റെ ബൃഹത്തായ സഞ്ചാരസാഹിത്യവുമായി പരിചയപ്പെടുക. മഹാനായ സഞ്ചാരസാഹിത്യകാരൻ ഒരാളേയുള്ളൂ. അത് കേരളത്തിലാണ്, എസ്.കെ. പൊററക്കാട്. മലയാള കഥാസാഹിത്യത്തിലെ 'മുന്തിയ' എഴുത്തുകാരൻ വൈക്കം മുഹമ്മദ് പറഞ്ഞിട്ടുള്ളത് ഓർമ്മിക്കുക. എസ്.കെ. യ്ക്ക് കാല്പനികത്വത്തിന്റെ നിറപ്പകിട്ടാർന്ന ഭാഷയും വായനക്കാരെ കൂടെകൊണ്ടുപോകാനുള്ള അത്ഭുതകരമായ കഴിവുമുണ്ട്. എസ്.കെ. യുടെ നേപ്പാൾ യാത്ര എന്ന കൃതിയിൽനിന്നും ഉദ്ധരിച്ചിട്ടുള്ള ഈ ഭാഗം വിയിച്ചുനോക്കൂ.

### പാഠം-1 ഭക്തപുരവും പഠനും

നേവാരികൾ പ്രായേണ സമരവീര്യം കുറഞ്ഞ വർഗ്ഗമായിരുന്നുവെങ്കിലും വാസ്തുശില്പത്തിൽ അവർ ബഹുവിദഗ്ധരായിരുന്നു. കാഠ്മണ്ഡു, പട്ടൺ, ഭത്ഗാം എന്നീ പട്ടണങ്ങളിലെ പഴയ ക്ഷേത്രങ്ങളും ഭവനങ്ങളും നേവാരികളുടെ കരകൗശലത്തിന്റെ ഉത്തമദൃഷ്ടാന്തങ്ങളാണ്. പകുതിതുറന്ന കടയുടെ മേല്പുരകളും, പകുതി ചുരുട്ടിവെച്ച പായയുടെമട്ടിൽ തള്ളിക്കിടക്കുന്ന ഇറകളും ഈ മന്ദിരങ്ങളുടെ പ്രത്യേകതകളാണ്. പെഗോഡാ ടൈപ്പ് എന്നു വിളിച്ചുവരുന്ന

മാതൃകയിലുള്ള ഇത്തരം മന്ദിരങ്ങൾ ആദ്യമായി നിർമ്മിച്ചതു നേവാരികളാണത്രേ. ഈ വാസ്തുശില്പമാതൃകകൾ നേപ്പാളത്തിൽനിന്ന് ആദ്യം തിബത്തിലേക്കും പിന്നെ അവിടെ നിന്നു ചീന, ജപ്പാൻ തുടങ്ങിയ ദൂരപൗരസ്ത്യരാജ്യങ്ങളിലേക്കും സംക്രമിച്ചുവെന്നാണു പറയുന്നത്. നേപ്പാളശില്പികൾ 7-ാം നൂററാണ്ടിൽത്തന്നെ തിബത്തിൻെറ തലസ്ഥാനമായ ലാഹ്സയിലുണ്ടായിരുന്നുവെന്നതിനു തെളിവുകളുണ്ട്. അതേ നൂററാണ്ടിൽത്തന്നെ, പീക്കിങ്ങിൽ ഒരു ക്ഷേത്രം പണിയാൻ നേപ്പാളിൽനിന്നു ശില്പികളെ കൊണ്ടുപോയതായും കാണുന്നു.

നേവാരികളെ ആക്രമിച്ചു കീഴടക്കിയ ഗൂർഖകൾ കലയിൽ തീരെ താൽപര്യമില്ലാത്തകൂട്ടരായിരുന്നു. നേവാരികളുടെ കലാവാസനകളെ പ്രോത്സാഹിപ്പിക്കാനോ, അവരുടെ അത്ഭുതകരമായ കലാനിർമ്മിതികളെ സംരക്ഷിച്ചുനിർത്താനോ രാജപുത്രജേതാക്കൾ സൗമനസ്യം കാണിച്ചില്ല. തങ്ങളുടെ പുതിയ പ്രജകളെ നിഷ്ക്രിയരാക്കി അടിമകളാക്കി നിർത്താനാണ് അവർ മുതിർന്നത്. തൽഫലമായി കാലക്രമത്തിൽ നേവാരികൾ കലാപ്രവർത്തനങ്ങളിൽനിന്നും പിൻമാറി, മററു തൊഴിലുകളിലേക്കു—മുഖ്യമായും വ്യാപാരത്തിലേക്ക്—തിരിഞ്ഞു. നേപ്പാളിലെ വ്യാപാരം തൊണ്ണൂറു ശതമാനവും ഇന്നു നേവാരികളുടെ കൈയിലാണ്. നഗരത്തിലായാലും മലമൂട്ടിലായാലും നാം കാണുന്ന വലുതും ചെറുതുമായ കച്ചവടപ്പീടികകളിലധികവും നേവാരികളുടേതായിരിക്കും.

കൃഷി ചെയ്യുന്ന രീതിയും, നെയ്ത്ത് മടച്ചൽ മുതലായ കരവേലകളും അയൽനാടായ ഇന്ത്യയിൽനിന്നാണ് അവർ വശമാക്കിയത്.

**ഭക്തപുരം**

മദ്ധ്യനേപ്പാളിലെ പഴയ പുരത്രയത്തിലൊന്നാണ് 'ഭക്തപൂർ' (ഭക്തപുരം) അഥവാ 'ഭത്ഗാം' (ഭക്തഗ്രാമം). ക്രിസ്തബ്ദം 889-ൽ, ആനന്ദമല്ലരാജാവ് നിർമ്മിച്ച ശില്പകലാസമൃദ്ധമായ നഗരം.

പഴയ കാഠ്മണ്ഡു ഖഡ്ഗാകൃതിയിലാണെങ്കിൽ ഭക്തപുരം സംവിധാനം ചെയ്തിരിക്കുന്നത് ശംഖാകൃതിയിലാണ്. ഇവിടെ ബൗദ്ധക്ഷേത്രങ്ങളും ഹൈന്ദവദേവാലയങ്ങളും ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങൾ പോലെ ഇടകലർന്നുകിടക്കുന്നു. എന്നാലും അന്തരീക്ഷത്തിൽ ഹൈന്ദവഗന്ധമാണ് മുന്തിനില്ക്കുന്നത്. മദ്ധ്യകാലകലാവിലാസങ്ങളുടെ ഒരു കലവറയാണ് ഭക്തപുരം. മുഖ്യദൃശ്യം, പഴയ ദർബാർചത്വരമാണ്. ഹൈന്ദവവും ബൗദ്ധവുമായ പന്ത്രണ്ടോളം ക്ഷേത്രങ്ങൾ ഇവിടെ പടർന്നുകിടക്കുന്നു. 'സുവർണ്ണകവാടം' 'സിംഹകവാടം' അത്ഭുതകരമായ കൊത്തുവേലകൾ ചാർത്തിയ അമ്പത്തഞ്ചു ജാലകങ്ങളോടുകൂടിയ രാജകൊട്ടാരം, ശുനകഘണ്ട (ഈ കൂററൻമണി മരണവിളി അനുസ്മരിപ്പിക്കുന്ന നാദമാണ് മുഴക്കുന്നതെന്നും മണിയടി മുഴങ്ങുമ്പോൾ പരിസരത്തിലെ നായ്ക്കളെല്ലാം കൂട്ടമായി ഓളിയിടാറുണ്ടെന്നും പറയുന്നു) തൂങ്ങുന്ന 'വത്സലക്ഷേത്രം', ഭൂപതീന്ദ്രമല്ല രാജാവിൻെറ പൂർണ്ണകായ പ്രതിമ മുതലായവയാണ് ദർബാർചത്വരത്തിലെ ആകർഷകദൃശ്യങ്ങൾ.

മരത്തിലെ കൊത്തുവേലകളിൽ മയിൽനൃത്തങ്ങൾ സമൃദ്ധമായിക്കാണാം.

ഭക്തപൂർകവാടത്തിന്നടുത്തുള്ള സിദ്ധപോഖ്റി (കുളം)യും സൂര്യവിനായകക്ഷേത്രവും ഒരൊററത്തടിയിൽ നിന്നുള്ള മരംകൊണ്ടു നിർമ്മിച്ചതാണെന്നു (കാഠ്മണ്ഡുവിലെ കാഷ്ഠമണ്ഡപംപോലെ) പറയപ്പെടുന്ന ദത്താത്രേയക്ഷേത്രവുമാണ് മററു കാഴ്ചകൾ.

ഭക്തപൂരിലെ മുഖ്യമായ ഉത്സവം 'ലസംഗയാത്ര'യാണ് (ഇതിനെ 'ബിസ്കത്ത്' എന്നും പറയും). മഹാഭാരതയുദ്ധത്തിൽ പാണ്ഡവൻമാരുടെ വിജയം ആഘോഷിക്കുന്ന ഒരുത്സവമാണിത്. യുദ്ധവിജയസ്തംഭമാണെന്ന സങ്കല്പത്തോടെ ഒരു കൂററൻമരത്തൂണു നാട്ടി ഭൈരവൻെറയും ഭദ്രകാളിയുടെയും രഥങ്ങൾ സ്തംഭത്തിന്നു മുന്നിലേക്ക് ആർഭാടപൂർവ്വം എഴുന്നള്ളിക്കുന്നതാണ് പ്രധാന ചടങ്ങ്.

ഭക്തപുരത്ത് ഒരോട്ടപ്രദക്ഷിണം നടത്താനേ എനിക്കു നേരം കിട്ടിയുള്ളു.

മൺപാത്രനിർമ്മാണവും തുണിനെയ്ത്തുമാണ് ഭക്തപുരത്തിലെ പരമ്പരാഗതമായ കൈത്തൊഴിലുകൾ.

**പട്ടൺ**

ഒരു സായാഹ്നത്തിൽ ഞാൻ കാൽനടയായി പട്ടൺ സന്ദർശിക്കാൻ പുറപ്പെട്ടു. കാഠ്മണ്ഡുവിൽനിന്നു മൂന്നു മൈൽ തെക്കുപടിഞ്ഞാറാണ് പട്ടൺ, (പട്ടണം എന്നാണർത്ഥം. സംസ്കൃതത്തിലെ പത്തനം.)

ഭാഗമതിനദിയുടെ പാലം കടന്ന്, നദിയുടെ തെക്കെ കരയിലൂടെ പോകുന്ന നിരത്തിലെത്തി, പരിസരക്കാഴ്ചകരം നോക്കിക്കൊണ്ടു നടത്തം തുടർന്നു. അവിടവിടെ ഉയർന്ന പറമ്പുകളും മേടുകളും കായ്കനിത്തോപ്പുകളും തോപ്പുകളുടെ മറവിൽ റാണമാരുടെ കൊട്ടാരങ്ങളും വിദേശീയരുടെ പുത്തൻബംഗ്ളാവുകളും, പഴയ മോഡൽ വീടുകളും സായാഹ്നവെയിലിൽ തെളിഞ്ഞുനിന്നിരുന്നു. തൊപ്പിയും കുപ്പായവും അരപ്പട്ടയും ധരിച്ചു കാവണ്ടച്ചുമടുമായി ഗ്രാമീണരും, നഗരത്തിലെ ആപ്പീസുകളിൽനിന്നു മടങ്ങുന്ന സൈക്കിരംസവാരിക്കാരായ പരിഷ്കാരിപ്പരിഷകളും കടന്നു പോയ്ക്കൊണ്ടിരുന്നു.

ഏതാണ്ട് ഒരു മൈൽ ഇപ്പുറംമുതൽക്കുതന്നെ തലപോയ ശിലാസ്തൂപങ്ങളുടേയും, പൊട്ടിത്തകർന്ന മതില്ക്കെട്ടുകളുടേയും, കാട്ടുപുല്ലു വളർന്നു മൂടിയ കൽത്തറകളുടേയും കോലങ്ങളിൽ പട്ടൻെറ പൗരാണികപ്രേതങ്ങളെ പാതയ്ക്കരികിലും അകലെയുമായി കണ്ടുതുടങ്ങി.

വിശാലമായൊരു മൈതാനം മുറിച്ചുകടന്നാൽ പൊടുന്നനവെ പ്രവേശിക്കുന്നത് പട്ടൻെറ 'മംഗളബസാറി'ലേക്കാണ്. ബസാറിലൂടെ നടന്നു. പണ്ടു രഥങ്ങരംക്കും കുതിരകരംക്കും സഞ്ചരിക്കാൻ പാകത്തിൽ കല്ലു പാവി നിർമ്മിച്ച ഇടുങ്ങിയ തെരുവുകളാണ്. നാലും അഞ്ചും നിലകളോടുകൂടിയ പഴയ മാളികകരം തെരുവിന്നിരുവശങ്ങളിലും ഇടതൂർന്നു നില്ക്കുന്നു. ആ വീടുകളുടെ വാതിലുകളും ജാലകങ്ങളും ഭിത്തികളും, കിളിക്കൂടിൻെറ ആകൃതിയിൽ പുറത്തേക്കു തള്ളിനില്ക്കുന്ന മിഞ്ചാമ്പുറങ്ങളും കൊത്തുവേലകളുടെ കൂത്തരങ്ങുകളാണ്. കടകളും പാർപ്പിടങ്ങളും ഗുദാമുകളുമെല്ലാം കൂടിക്കലർന്നുകിടക്കുന്നു. നൂററാണ്ടുകളിലെ പൊടിയും ചേറും പററിക്കൂടിയിട്ടുണ്ടെങ്കിലും, ആ പ്രാസാദപരമ്പരകരം പ്രാചീനമായൊരു പ്രൗഢി പുലർത്തുന്നുണ്ടായിരുന്നു.

ദർബാർസ്ക്വയറിലെത്തി. വൃത്താകൃതിയിൽ സംവിധാനംചെയ്ത പട്ടണത്തിൻെറ മദ്ധ്യഭാഗമാണിത്. പഴയ മല്ലരാജാക്കന്മാരുടെ സഭാമണ്ഡപത്തിൻെറ വിസ്തൃതമായ ചത്വരാങ്കണം. അടുത്തുതന്നെ കൊട്ടാരങ്ങളും ക്ഷേത്രങ്ങളും വിഹാരങ്ങളും വിഗ്രഹങ്ങളും, ശിലീഭൂതമായൊരുദ്യാനത്തിലെ നികുഞ്ജങ്ങളും വൃക്ഷങ്ങളും പുഷ്പങ്ങളുംപോലെ നിലകൊള്ളുന്നു.

ഒന്നരമണിക്കൂർനേരം ദർബാർസ്ക്വയറും പരിസരങ്ങളുമെല്ലാം ചുററി നടന്നു കണ്ട്, വീണ്ടും മംഗളബസാറിൻെറ മൂലയിൽ വന്നു നിന്നു.

ഹൈന്ദവദേവാലയങ്ങളും ബൗദ്ധക്ഷേത്രങ്ങളും ഇടകലർന്നു കിടക്കുന്നു. കല്ലിലും ലോഹത്തിലും മരത്തിലും ഇഷ്ടികയിലും അത്ഭുതകരമായ ചിത്രവേലകളുടേയും വാസ്തുശില്പങ്ങളുടേയും കിടമത്സരം പ്രദർശിപ്പിച്ചുകൊണ്ട് ആ ബൗദ്ധഹൈന്ദവമന്ദിരങ്ങളും കവാടങ്ങളും മണ്ഡപങ്ങളും സ്തൂപങ്ങളും നിലകൊള്ളുന്നു. കൊത്തുവേലകളുടെ കേളീവിലാസം വാസഗൃഹങ്ങളുടെ ഭിത്തികളിലേക്കും വ്യാപിച്ചിട്ടുണ്ട്. ആകെപ്പാടെ, കാലത്തിൻേറയും കലകളുടേയും ഒരു കൂററൻ കാഴ്ചബംഗ്ളാവുപോലെ തോന്നി.

മംഗളബസാർമൂലയിലെ നാടൻചന്ത പൊടിപൊടിച്ചു നടക്കുന്നു. പലഹാരങ്ങളും പലവ്യഞ്ജനങ്ങളും പഴങ്ങളും കിഴങ്ങുകളും പച്ചക്കറികളും ധാന്യങ്ങളും ചട്ടി, കയിൽ, കയർ, കൊട്ട മുതലായ അടുക്കളസാമഗ്രികളും വെച്ചു വില്പന നടത്തുന്നവർ അധികവും പെണ്ണുങ്ങളാണ്. ഗ്രാമീണസ്ത്രീകരം, വാങ്ങിയ സാമാനങ്ങരം കൂമ്പൻകൊട്ടയിൽ നിറച്ചു പുറത്തു വെച്ചുകെട്ടിക്കൊണ്ടുപോകുന്നു. അമ്പലങ്ങളിൽനിന്നു പുറപ്പെടുന്ന മണിനാദത്തോടൊപ്പം ഉച്ചഭാഷിണികളിലൂടെ റേഡിയോഗാനങ്ങളും അന്തരീക്ഷത്തിൽ മുഴങ്ങുന്നുണ്ട്.

'പട്ടണ'ത്തിന്ന് 1700 കൊല്ലത്തെ പഴക്കമുണ്ട്. ക്രി.പി. 299-ാമാണ്ടിൽ വീരദേവരാജാവാണ് ഈ പുരം നിർമ്മിച്ചത്. അന്ന് ഇതിൻെറ പേർ 'ലളിതപുരം' എന്നായിരുന്നു (ഇതിനെ ആ പേരിൽത്തന്നെ വിളിക്കാനാണ് നേപ്പാളികരം ഇന്നും ഇഷ്ടപ്പെടുന്നത്). വൃത്താകൃതിയിലാണ് പട്ടണത്തിൻെറ സംവിധാനം. വീരദേവരാജാവിൻെറ കാലത്തിനുശേഷം പല രാജാക്കന്മാരും—മുഖ്യമായി മല്ലരാജാക്കന്മാർ—ലളിതപുരത്തിനു തങ്ങളുടേതായ മന്ദിരങ്ങളും വിഹാരങ്ങളും സംഭാവന ചെയ്തിട്ടുണ്ട്.

ബൗദ്ധവിഹാരങ്ങളും ശൈവവൈഷ്ണവക്ഷേത്രങ്ങളും കല്പനാവൈചിത്ര്യം കലർന്ന ശില്പസൗകുമാര്യത്തോടെ തോളോടുതോരം ചേർന്നു നിലകൊള്ളുന്ന ഒരു വിശാലരംഗം ഇതുപോലെ ഏഷ്യയിൽ മറെറാരിടത്തും കണ്ടുകിട്ടുകയില്ല.

പെഗോഡാമാതൃകയിൽ മൂന്നു നിലകളോടുകൂടിയ ഒരു സ്വർണ്ണമന്ദിരമാണ് 'ഹിരണ്യവർണ്ണമഹാവിഹാരം'. ലോകേശ്വര(ശ്രീബുദ്ധൻ)ൻെറ വലിയൊരു സ്വർണ്ണപ്രതിമ ഇതിൻെറ മൂന്നാംനിലയിലെ മണ്ഡപത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്നു. അരികെ ഒരു പ്രാർത്ഥനാചക്രവുമുണ്ട്.

12-ാം ശതകത്തിലെ ഭാസ്കരവർമ്മരാജാവ് പണിയിച്ച വിഹാരമാണിത്.

ഹിരണ്യവർണ്ണമഹാവിഹാരത്തിനടുത്തുതന്നെയാണ് മനോഹരമായ കൃഷ്ണമന്ദിരം. മന്ദിരച്ചുമരുകളിൽ നിറയെ മഹാഭാരതത്തിലെയും രാമായണത്തിലെയും രംഗങ്ങൾ കൊത്തിവെച്ചിരിക്കുന്നു. 400 കൊല്ലംമുമ്പ് സിദ്ധിനരസിംഹമല്ലരാജാവ് പണിയിച്ച ഈ വൈഷ്ണവക്ഷേത്രം പട്ടണത്തിലെ ക്ഷേത്രങ്ങളിൽവച്ച് ഏററവും പുതിയതാണെന്നും പറയാം.

അഞ്ചു നിലയുള്ള കുംഭേശ്വര(ശിവ)ക്ഷേത്രം ഒരു ഗംഭീരദൃശ്യമാണ്. ഇതിൻെറ തിരുമുററത്ത് ഒരു തീർത്ഥമുണ്ട്. ദൂരെ ഹിമാലയത്തിലെ പുണ്യഹിമസ്രോതസ്സായ ഗോസായികുണ്ഡത്തിലെ തീർത്ഥമാണ് അന്തർവ്വാഹിനിയായി ഇവിടെ വന്നുചേരുന്നതെന്നു വിശ്വസിപ്പിക്കപ്പെടുന്നു.

ജയസ്ഥിതിമല്ലൻെറ സംഭാവനയാണ് ഈ ക്ഷേത്രം.

കുംഭേശ്വരൻെറ കുറച്ചപ്പുറത്ത് ശംഖമൂലനദിയുടെ കരയിൽ അരുണവർണ്ണം കലർന്ന ജഗത്നാരായണക്ഷേത്രം പൊങ്ങിനില്ക്കുന്നു. ഒറീസ്സയിലെ പുരീജഗന്നാഥക്ഷേത്രമാതൃകയിൽ, കൂർത്ത ഗോപുരത്തോടുകൂടിയ ഒരു നിർമ്മിതിയാണിത്. ചെങ്കല്ലുകൊണ്ടാണ് പണിതിരിക്കുന്നത്.

ക്ഷേത്രാങ്കണത്തിൽ ഒരു വലിയ ശിലാസ്തംഭത്തിൻെറ മുകളിൽ ലോഹനിർമ്മിതമായൊരു ഗരുഡവിഗ്രഹം പ്രതിഷ്ഠിച്ചിരിക്കുന്നു.

മറെറാരു കോണിൽ 'മഹാബുദ്ധക്ഷേത്രം' ഒററപ്പെട്ടു നില്ക്കുന്നു. 14-ാം ശതകത്തിൽ പട്ടണത്തിലെ ഒരു പുരോഹിതനായിരുന്ന അഭ്യരാജൻെറ സംഭാവനയാണ് ഈ അത്ഭുതക്ഷേത്രം. ശ്രീബുദ്ധപ്രതിരൂപമുദ്രിതമായ ഇഷ്ടികകൾകൊണ്ടാണ് ക്ഷേത്രം മുഴുവനും പണി ചെയ്തിരിക്കുന്നത്.

ഇവയ്ക്കു പുറമേ, മച്ഛേന്ദ്രനാഥക്ഷേത്രം, രുദ്രവർണ്ണമഹാവിഹാരം ഉഗ്രചണ്ഡികാക്ഷേത്രം, മീനനാഥക്ഷേത്രം മുതലായ അനേകം ദേവീദേവമന്ദിരങ്ങൾ പട്ടണത്തിൽ പല മൂലകളിലുമായി ചിതറിക്കിടക്കുന്നുണ്ട്.

പഴയ അശോകസ്തംഭങ്ങളാണ് പട്ടണത്തിലെ മറെറാരു കാഴ്ച. ക്രി.പി. 250-ാ മാണ്ടിൽ അശോകചക്രവർത്തി ലളിതപുരം സന്ദർശിച്ചതിൻെറ സ്മാരകമായി നഗരത്തിൻെറ നാലു കോണുകളിലും നാട്ടിയ അശോകസ്തംഭങ്ങളുടെ അവശിഷ്ടങ്ങളാണ് ഇവ.

ഏപ്രിൽ-മേയ് മാസക്കാലത്ത് (വൈശാഖമാസം) പട്ടണത്തിൽ 'മച്ഛേന്ദ്രനാഥരഥയാത്ര' എന്നൊരു മഹോത്സവം നടത്താറുണ്ട്. ഉത്സവത്തിന്നുപയോഗിക്കുന്ന കൂററൻരഥം ഒരിടത്തു സൂക്ഷിച്ചുവെച്ചിരിക്കുന്നു. ക്ഷേത്രങ്ങളുടെ ശില്പവേലയിൽ നേവാരികൾ തരത്തിൽ തിരുകിക്കൊടുക്കാറുള്ള ലൈംഗികപ്രതിച്ഛായ ഈ രഥത്തിൻെറ തണ്ടിലും അടിച്ചേല്പിച്ചതായി കണ്ടു. ജനനേന്ദ്രിയത്തിൻെറ ആകൃതിയിലാണ് രഥദണ്ഡം നിർമ്മിച്ചുവെച്ചിരിക്കുന്നത്!

വൈദികകാലവിധിക്കനുസൃതമായ ആരാധനാസമ്പ്രദായങ്ങളും, ബൗദ്ധശൈവവിശ്വാസസംഹിതകളും, ലൈഗികമൂല്യമുൾക്കൊള്ളുന്ന വജ്രയാനവിധികളുമെല്ലാം പയററും പടയും കൂത്തും നടത്തി നൂററാണ്ടുകളുടെ പററങ്ങൾ പട്ടണത്തിലൂടെ കടന്നുപോയി. പഴയ വിശ്വാസങ്ങളും ആചാരങ്ങളും ഏതാണ്ട് അങ്ങനെ നിലനിർത്തിക്കൊണ്ടു ജനങ്ങൾ ഇവിടെ ഇന്നും പുലരുന്നു. തങ്ങൾ കല്ലിലും കോവിലിലും പ്രതിഷ്ഠിച്ച ദൈവങ്ങളെ കൈയൊഴിക്കാൻ മനസ്സുവരാതെ, എല്ലാററിനും ഒരുത്സവച്ഛായ നല്കിക്കൊണ്ടു സമാധാനത്തോടും സന്തോഷത്തോടുംകൂടി അവർ കഴിഞ്ഞുകൂടുന്നു.

കല്ലിലും കോവിലിലും കുടികൊള്ളുന്ന ആ ദൈവങ്ങൾക്ക് എങ്ങോട്ടും പോകാനില്ല.

നേരം ഇരുട്ടിയിരുന്നു. ഞാൻ ബദ്ധപ്പെട്ടു നടന്നു. മൈതാനംകടന്ന്, മുക്കൂട്ടപ്പെരുവഴിയിൽ എത്തിച്ചേർന്നു. കാഠ്മണ്ഡുവിലേയ്ക്ക് എങ്ങനെ മടങ്ങിപ്പോകുമെന്ന ചിന്ത മനസ്സിനെ അലട്ടിത്തുടങ്ങി. അപ്പോൾ ഒരു മൂലയിൽ നാലഞ്ചുപേർ നില്ക്കുന്നതു കണ്ടു. അന്വേഷിച്ചപ്പോൾ അവർ കാഠ്മണ്ഡുവിലേക്കുള്ള അവസാനത്തെ ബസ്സ് കാത്തു നില്ക്കുകയാണെന്ന് അറിവായി. ഉടനെ ബസ്സും വന്നു.

**ജനവർഗ്ഗങ്ങൾ**

നേവാരികൾ, കിരാന്തികൾ, പാർവ്വതികൾ ഇങ്ങനെ നേപ്പാളിലെ ജനവർഗ്ഗങ്ങളെ മൂന്നായി ഭാഗിക്കാം.

നേവാരികഠം ഭൂരിഭാഗവും കാഠ്മണ്ഡു താഴ്വരയിലാണ്. പാർവ്വതികഠം പശ്ചിമപ്രാന്തങ്ങളിൽ പാർക്കുന്നു. താക്കൂർ, റാണാ, ഖത്രി (ക്ഷത്രിയർ), ബ്രാഹ്മണർ, ഗുറുങ്ങ്, ഗോർ എന്നീ ജാതികഠം പാർവ്വതീവിഭാഗത്തിൽപ്പെട്ടവരാണ്.

കിരാന്തികളാണ് നേപ്പാളിലെ ഏററവും പുരാതന വർഗ്ഗക്കാർ (വേദങ്ങളിലും മഹാഭാരതത്തിലും കിരാന്തികളെപ്പററിയുള്ള പരാമർശമുണ്ട്). നേപ്പാളിലെ വിചിത്രമായ ഒരുയർന്ന മണ്ഡലത്തെയാണ് ഇവർ അധിവസിക്കുന്നത്; സപ്തകോശിസ്സ്ഥാനത്തെ.

കോശിനദിയും അതിൻെറ ഏഴു കൈവഴികളും ഉഠംപ്പെട്ട ഒരുന്നതഭൂവിഭാഗമാണ്, സ്പതകോശി. ഇവരുടെ കൊച്ചുപട്ടണങ്ങളും ഗ്രാമങ്ങളും സമുദ്രനിരപ്പിൽനിന്ന് 14,000 അടി ഉയരത്തിലാണ് സ്ഥിതി ചെയ്യുന്നത്. ഏററവും വടക്കു കാഞ്ചൻജംഘാഗിരിനിരകഠം; ആ ഗിരിനിരകളുടെ പടിഞ്ഞാറുഭാഗത്ത് എവറസ്ററും വിലസുന്നു.

കിരാന്തികഠംക്കിടയിൽ ഖംബു, യക്ഷ, ലിംബു ഇങ്ങനെ മൂന്ന് ഉപവിഭാഗങ്ങളുണ്ട്. ഇവർ സ്വയംവരവിവാഹ സമ്പ്രദായം പുലർത്തിവരുന്നവരാണ്. സ്ത്രീകഠം ബഹുഭർത്തൃത്വവും ആചരിക്കുന്നു.

ജാതിസമ്പ്രദായം ഒരു മാറാവ്യാധിയായി നേപ്പാളിൽ നിലനിന്നുവരുന്നു. ഓരോ ജാതിയിലുമുണ്ട് അനേകം ഉപജാതികഠം. നേവാരികളുടെ ഇടയിൽ മാത്രം 75-ൽ പരം ഉപജാതികളുണ്ടത്രെ.

നേപ്പാളിലെ തിബത്തൻവംശജരെ മോട്ടിയകഠം എന്നു വിളിക്കുന്നു. ഇവർ ചുമട്ടുതൊഴിലാളികളാണ്.

കൃഷിക്കാരെ 'ഖാസ്' (കർഷകൻ) എന്നു പറയും. മലവർഗ്ഗക്കാരെ 'ജാപ്പുസു'കളെന്നും.

## 15.2 പാഠസംഗ്രഹം

നേപ്പാളിലെ ജനങ്ങളിൽ ഭൂരിഭാഗവും നേവാരികളാണ്. ബുദ്ധമതവിശ്വാസികളായ അവർ വാസ്തുവിദ്യയിൽ സമർത്ഥരായിരുന്നു. 'പെഗോഡാ ടൈപ്പ്' മാതൃകയിലുള്ള മന്ദിരങ്ങഠം ആദ്യമായി നിർമ്മിച്ചത് അവരാണത്രേ. അവിടം ആക്രമിച്ചു കീഴടക്കിയ രജപുത്രരാകട്ടെ കലയെ പ്രോത്സാഹിപ്പിക്കുന്നവരായിരുന്നില്ല. തന്മൂലം നേവാരികളുടെ ശ്രദ്ധ കച്ചവടത്തിലേക്കു തിരിഞ്ഞു. ശില്പകലയുടെ സമൃദ്ധി പ്രദർശിപ്പിക്കുന്ന ഒരു നഗരമാണ് ഭക്തപുരം. ആനന്ദമല്ല രാജാവാണ് ഇതു നിർമ്മിച്ചത്. പഴയ ദർബാർ ചത്വരവും പന്തണ്ടോളം ക്ഷേത്രങ്ങളും ഇതിൻെറ പ്രശസ്തി പരത്തുന്നു. ശുനകഘണ്ട തൂങ്ങുന്ന 'വത്സല ക്ഷേത്ര'വും ശ്രദ്ധേയമാണ്. മരത്തിൻെറ കൊത്തുപണികളിൽ മയിൽ നൃത്തങ്ങഠം സമൃദ്ധമാണ്. 'സിദ്ധ പോഖ്റി' സൂര്യവിനായകക്ഷേത്രവും കലാസൗന്ദര്യമിയന്നതുതന്നെ. ഭക്തപൂരിലെ പ്രധാന ഉത്സവം ലിംഗയാത്രയാണ്.

പരിഷ്ക്കാരം ബാധിച്ചുകഴിഞ്ഞ മറെറാരു നഗരമാണ് പട്ടൺ. ഇവിടെ ദർബാർസ്ക്വയറിൽ പട്ടണത്തിൻെറ മദ്ധ്യഭാഗത്ത് മല്ലരാജാക്കന്മാരുടെ കൊട്ടാരങ്ങളുടേയും ക്ഷേത്രങ്ങളുടേയും അവശിഷ്ടം കാണാം. കൊത്തുപണിയുടെ മനോഹാരിത അവിടെ എവിടെയും കാണാം. വീരദേവരാജാവ് ക്രി.പി. 299-ാമാണ്ടിൽ നിർമ്മിച്ച ഈ പുരത്തിൻെറ പഴയ പേര് ലളിതപുരം എന്നാണ്. കല്പനാ വൈചിത്ര്യമാർന്ന ശില്പസൗകുമാര്യം തുളുമ്പുന്ന ഈ നഗരംപോലെ മറെറാന്ന് ഏഷ്യയിൽ മറെറാരിടത്തും കണ്ടുകിട്ടുകയില്ല.

## 15.3 കുറിപ്പുകഠം

1. **എസ്.കെ. പൊറെറക്കാട്**: 1913 മാർച്ച് 14-ൽ ജനനം 1984-ൽ മരണം. മലയാളത്തിലെ കിടയററ സഞ്ചാര സാഹിത്യകാരൻ. കവിയും കഥാകൃത്തുമെന്ന നിലയിലാണ് സാഹിത്യരംഗത്തേയ്ക്ക് കടന്നു വന്നത്. 1981-ൽ ജ്ഞാനപീഠപുരസ്കാരം നേടി മലയാള കഥാസാഹിത്യത്തിന് അഖിലഭാരത പ്രശസ്തിയുണ്ടാക്കി. 'ഒരു ദേശത്തിൻെറ കഥ' എന്ന വിഖ്യാതമായ നോവലാണ് അദ്ദേഹത്തിന് ജ്ഞാനപീഠ പുരസ്കാരം നേടിക്കൊടുത്തത്. വിഷകന്യക, മൂടുപടം, തെരുവിൻെറ കഥ തുടങ്ങിയവ അദ്ദേഹത്തെ അനശ്വരനാക്കുന്ന

ആഖ്യായികകളാണ്. ആഖ്യായികാസാഹിത്യരംഗത്ത് ഒരു പുതിയ പാതവെട്ടിത്തെളിയിക്കാൻ സാധിച്ച അദ്ദേഹം മഹാനായ ചെറുകഥാകൃത്തുകൂടിയാണ്. വിദേശഭാഷകളിലേയ്ക്ക് അദ്ദേഹത്തിന്റെ ചെറുകഥകൾ തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്. അറിയപ്പെടുന്ന ഒരു കവികൂടിയാണദ്ദേഹം. മനുഷ്യസ്വഭാവ ചിത്രീകരണത്തിൽ അനുപമമായ പാടവം എസ്.കെ. പ്രകടിപ്പിച്ചിട്ടുണ്ട്. മനുഷ്യനെന്ന അത്ഭുതജീവിയും അവന്റെ പ്രപഞ്ചവും അദ്ദേഹത്തെ എന്നും ആകർഷിച്ചിരുന്നു. സഞ്ചാരസാഹിത്യം അതിനു തെളിവാണ്. സഞ്ചാര സാഹിത്യവും ചെറുകഥാ സാഹിത്യവും രണ്ടു ഖണ്ഡങ്ങൾ വീതം ലഭ്യമാണ്

2. **നേവാരികൾ:** നേപ്പാളിലെ ജനങ്ങളിൽ ഭൂരിഭാഗവും ഈ വർഗ്ഗക്കാരാണ്. പതിനെട്ടാം നൂററാണ്ടിന്റെ അവസാനംവരെ നേപ്പാളിൽ ഇവർ മാത്രമേ ഉണ്ടായിരുന്നുള്ളൂ. ബുദ്ധമതവിശ്വാസികളായ ഇവരെ രജപുത്രർ കീഴടക്കി. നാന്യദേവന്റെ സേനയിലെ ദക്ഷിണേന്ത്യൻ നായന്മാരുടെ സന്തതികളാണെന്നും നേവർ എന്നത് നായരുടെ തൽഭവമാണെന്നും അഭിപ്രായമുണ്ട്.

3. **കാഠ്മണ്ഡു:** നേപ്പാളിന്റെ തലസ്ഥാനമാണിത്. ക്രിസ്ത്വബ്ദം എട്ടാം ശതകത്തിൽ ഭാഗമതീ—വിഷ്ണുമതീ നദികളുടെ സംഗമ സ്ഥാനത്തു പണിചെയ്ത ഒരു നഗരമാണിത്. കാളിഭഗവതിയുടെ കൈയിലെ ഖഡ്ഗ രൂപത്തിലാണ് നഗരം സംവിധാനം ചെയ്തിരിക്കുന്നത്. ഇതിന്റെ പഴയ പേര് കാന്തിപുരം എന്നായിരുന്നു. ക്രിസ്ത്വബ്ദം 1596-ൽ രാജാ ലക്ഷ്മി നരസിംഹമല്ലൻ ഒററത്തടിയിൽ നിന്നുള്ള മരംകൊണ്ട് ഇവിടെ ഒരു മന്ദിരം നിർമ്മിച്ചു. ഈ കാഷ്ഠമണ്ഡപം ലോപിച്ചുണ്ടായ പേരാണ് 'കാഠ്മണ്ഡു'

4. **ഗൂർഖ:** ഗൂർഖ എന്നത് ഒരു സ്ഥലത്തിന്റെ പേരാണ്. കാഠ്മണ്ഡുവിൽ നിന്ന് ഏതാണ്ട് വടക്കു പടിഞ്ഞാറായി 50 മൈൽ ദൂരത്താണ് ഈ സ്ഥലം. അവിടത്തുകാരാണ് ഗൂർഖകൾ. പൃത്ഥീനാരായണന്റെ നേതൃത്വത്തിൽ 1769-ൽ അവർ നേപ്പാളിന്റെ ഭരണം കൈയടക്കി.

5. **റാണാകുടുംബം:** പൃത്ഥ്വീനാരായണൻ 1774-ൽ മരിച്ചു. അടുത്ത അധികാരി മൈനർ ആയിരുന്നു. കൊട്ടാരത്തിൽ കുഴപ്പങ്ങൾ അധികമായി. 1846-ൽ റാണാ ജംഗ്ബഹാദൂർ പ്രധാനമന്ത്രിയും സർവ്വസൈന്യാധിപനുമായി. തുടർന്ന് അദ്ദേഹം അധികാരം കൈയടക്കി. റാണാ മഹാരാജാവ് എന്ന സ്ഥാനം സ്വയം സ്വീകരിച്ചു. പിൻതുടർച്ചാവകാശം റാണാ കുടുംബത്തിനാവുകയും ചെയ്തു.

## 15.4 പദബോധനം

1. **പ്രായേണ:** മിക്കവാറും എന്ന അർത്ഥത്തിലുള്ള ഈ സംസ്കൃതപദം ഒരു ദ്യോതകശബ്ദമാണ്. നാമത്തോടും, ക്രിയയോടും പ്രത്യയങ്ങൾ ചേർത്ത് അർത്ഥവിശേഷം കാണിക്കാറുണ്ട്. എന്നാൽ ദ്യോതകങ്ങൾക്ക് അത്തരം മാററം വരുന്നില്ല.

2. **സമരവീര്യം:** യുദ്ധവീര്യം. സമരത്തിന് യുദ്ധം എന്നാണ് സംസ്കൃതത്തിൽ അർത്ഥം. ഇവിടെയും അർത്ഥം യുദ്ധം ചെയ്യാനുള്ള കഴിവ് എന്നുതന്നെ. സമരത്തിന് പ്രക്ഷോഭണം എന്ന അർത്ഥത്തിലാണ് ഇന്നു പ്രയോഗം. പണ്ടുകാലത്ത് യുദ്ധത്തിലുള്ള അവസരങ്ങൾ കൂടുതലായിരുന്നല്ലോ? ഇന്നാകട്ടെ പ്രക്ഷോഭത്തിന്റെ സാധ്യതകളാണ് ഏറെ. സമരവീര്യം എന്നു കേൾക്കുമ്പോൾ പ്രക്ഷോഭണം എന്നു അർത്ഥം മനസ്സിലാക്കരുത്.

3. **കുറഞ്ഞ:** കുറയുക എന്ന ക്രിയയുടെ പേരെച്ചരൂപമാണ് 'കുറഞ്ഞ'. വില കുറഞ്ഞു എന്നിടത്ത് കുറഞ്ഞു ക്രിയയാണ്. ഈ ക്രിയ അപ്രധാനമാകുകയും അതു നാമത്തെ വിശേഷിപ്പിക്കുന്നതാവുകയും ചെയ്യുമ്പോഴാണ് അതിനെ പേരെച്ചം എന്നു പറയുന്നത്. 'കുറഞ്ഞ വില' എന്നാവുമ്പോൾ വില എന്ന നാമത്തിന്റെ വിശേഷണമാകുന്നു കുറഞ്ഞ. പാഠഭാഗത്തിലാകട്ടെ കുറഞ്ഞ വർഗ്ഗത്തിന്റെ വിശേഷണമാണ്.

4. **എങ്കിലും:** ഇത് ഒരു ദ്യോതക പദമാണ്. നേരത്തെ പറഞ്ഞ പ്രസ്താവത്തിന്റെ അർത്ഥത്തെ ഭാഗികമായി നിഷേധിക്കുക എന്ന പ്രവൃത്തിയാണ് ചെയ്യുന്നത്. സേനാനികൾ സമരവീര്യം കുറഞ്ഞവരാണെന്നു പറഞ്ഞു. ആ കുറവ് നിഷേധിക്കുന്ന തരത്തിലാണ് വസ്തുശില്പത്തിൽ കഴിവുകൂടിയവരാണെന്ന അടുത്ത പ്രസ്താവന. ഈ നിഷേധാർത്ഥം ധ്വനിപ്പിക്കാൻ 'എങ്കിലും' എന്നതിനു കഴിയും.

5. **ആയിരുന്നു + എങ്കിലും:** ആയിരുന്നുവെങ്കിലും 'ഉ' കാരത്തിനും 'എ' കാരത്തിനും മദ്ധ്യേ 'വ' കാരം ആഗമിച്ചിരിക്കുന്നു. ആഗമസന്ധി.

6. **വാസ്തുശില്പത്തിൽ:** ഭവനനിർമ്മാണത്തിൽ ശില്പം എന്നതിനു സാധാരണ അർത്ഥം പ്രതിമ എന്നാണ്. ശില്പം കൊത്തിയുണ്ടാക്കി എന്നൊക്കെ പറയും. ഇവിടെ പ്രതിമ എന്ന കലാപരമായ നിർമ്മിതി എന്നേ അർത്ഥമുള്ളൂ.

7. **ബഹു:** വളരെയേറെ എന്നാണർത്ഥം. ഇത് നാമത്തെ വിശേഷിപ്പിക്കുന്നു. ബഹുക്ഷേമം ബഹുവിശേഷം എന്നൊക്കെ മററു ഉദാഹരണങ്ങൾ.

8. **വിദഗ്ധർ:** വിദഗ്ധപദത്തോട് 'അർ' ബഹുവചന പ്രത്യയം ചേർത്താണ് ഇതു ഉണ്ടാക്കിയിരിക്കുന്നത്. കഴിവുള്ളവർ, സമർത്ഥർ എന്നാണ് അർത്ഥം. ഒരു പദത്തോട് അതുള്ളത് എന്ന അർത്ഥം കിട്ടാൻ ലിംഗ പ്രത്യയം ചേർത്താൽ മതിയാവും. മടിയുള്ളവൻ മടിയൻ. മിടുക്കുള്ളവൻ മിടുക്കൻ. 'അർ' ബഹുവചന പ്രത്യയമാണ്. അതുചേർക്കുമ്പോൾ ഈ അർത്ഥം കിട്ടുന്നു. വൈദഗ്ദ്യം ഉള്ളവർ വിദഗ്ധർ. 'വിദഗ്ധ' എന്നത് ഒററപ്പദമാണ്. അതിനെ 'വി + ദഗ്ധ' എന്നു തിരിക്കരുത്. വി ഉപസർഗ്ഗമായി വരാറുണ്ടെങ്കിലും ഇവിടെ ഇത് പദത്തിൻെറ ഭാഗംതന്നെ.

9. **ഉത്തമ:** നാം വസ്തുക്കളെ ഉത്തമം, മധ്യമം എന്നിങ്ങനെ വിഭജിക്കാറുണ്ട്. ഏററവും നല്ലതിനെയാണ് ഉത്തമം എന്ന വിഭാഗത്തിൽപ്പെടുത്തുന്നത്. ക്രമേണ ഉത്തമത്തിന് ഏററവും നല്ലത് എന്ന് അർത്ഥം കിട്ടി. ഏററവും നല്ല തെളിവ് എന്ന അർത്ഥത്തിൽ ഉത്തമദൃഷ്ടാന്തം എന്നു പ്രയോഗിക്കുന്നു.

10. **ചുരുട്ടിവച്ച:** ചുരുൾ എന്ന ധാതുവിൻെറ ഭൂതകാലരൂപം ചുരുണ്ടു എന്നാണ്. ഈ ക്രിയ കർമ്മം ഇല്ലാത്തതാണ്. അകർമ്മക ക്രിയകൾ കർമ്മകങ്ങളാക്കുമ്പോൾ ചില പരിഷ്ക്കാരങ്ങൾ ആവശ്യമായിവരുന്നു. അതിൽ ഒന്നാണ് ചുരുണ്ടു എന്ന സകർമ്മക ക്രിയ 'ചുരുട്ടി' എന്ന് ആകുന്നത്. അനുനാസികത്തിന് പരം ആദേശിക്കുകയും അതു ഇരട്ടിക്കുകയും ചെയ്താൽ അകർമ്മക ക്രിയ സകർമ്മക ക്രിയയാകും. ചുരുണ്ടു എന്നിടത്ത്, ഭൂതകാലചിഹ്നം 'തു' ആണ്. അതിനു 'ടു' ആദേശം വന്നിരിക്കുന്നു. ചുരുട്ടി എന്നിടത്താകട്ടെ ഭൂതകാലചിഹ്നം 'ഇ' ആണ്. 'വെയ്' ധാതുവിൻെറ ഭൂതകാലരൂപം 'വെച്ചു' എന്നാണ്. ഇതിൻെറ പേരെച്ചരൂപമാണ് 'വെച്ച്'. രണ്ടുംകൂടി ചേർന്ന് പായയുടെ വിശേഷണമായിത്തീരുന്നു.

11. **നിർമ്മിച്ചത്:** നിർമ്മിച്ച എന്ന പേരെച്ചത്തോട് 'തു' എന്ന നപുംസകലിംഗ പ്രത്യയം ചേർത്താണ് ഈ രൂപം ഉണ്ടാക്കിയിരിക്കുന്നത്. ഇതിനെ പേരെച്ചനാമം എന്നു പറയുന്നു. കണ്ട എന്നപേരെച്ചത്തോട് അ, അൾ, തു എന്നീ ലിംഗ പ്രത്യയങ്ങൾ ചേർത്ത് കണ്ടവൻ, കണ്ടവൾ, കണ്ടതു എന്നിങ്ങനെ രൂപങ്ങളുണ്ടാക്കുന്നു.

12. **തൊണ്ണൂറു:** 9 × 10 പത്തിൻെറ ഒമ്പതിരട്ടി. പത്തിൻെറ ഗുണിതമായരിക്കെ നൂറു എന്ന പദം കൊണ്ടു വ്യവഹരിക്കുന്നു. നൂറിൻെറ ഒമ്പതിരട്ടിയെ ആയിരം കൊണ്ടു വ്യവഹരിക്കുന്നു. തൊള്ളായിരം. ഇത് മലയാളത്തിൻെറ ഒരു പ്രത്യേകതയാണ്. തൊൺ + നൂറു ണ ക്കുശേഷം നകാരം വരുമ്പോൾ നകാരം ണകാരമാകുന്നു. ആദേശസന്ധി.

13. **നെയ്ത്ത്:** 'നെയ്' എന്ന ക്രിയയിൽനിന്നുണ്ടാക്കിയ ഒരു നാമപദം. ഇതിനെ ക്രിയാനാമം എന്നു പറയുന്നു. 'ത്തു' എന്നാണ് പ്രത്യയം. 'കൊയ്ത്തു', 'ഊത്ത്' തുടങ്ങിയ പദങ്ങളിൽ 'ത്തു' വാണ് പ്രത്യയം.

14. **പുരത്രയം:** പുരങ്ങളുടെ ത്രയം. മൂന്നുപുരങ്ങൾ. മൂന്നു നഗരങ്ങൾ എന്നാവുമ്പോൾ പുരത്രയങ്ങൾ എന്നു വരേണ്ടതില്ലേ എന്നു സംശയം തോന്നാം. ത്രയം എന്നതുകൊണ്ടുതന്നെ ബഹുത്വാർത്ഥം വന്നുകഴിഞ്ഞു. അതുകൊണ്ട് അതിനുപുറമേ ബഹുവചന പ്രത്യയം ആവശ്യമില്ല. ചേർത്താൽ അർത്ഥം തെററും, പുരത്രയങ്ങൾ എന്നു പറഞ്ഞാൽ മൂന്നു നഗരങ്ങളുടെ ബഹുത്വം എന്നു വരും. കവിത്രയം എന്ന പ്രയോഗം സാധാരണമായി വരുന്നതാണ്. പലപ്പോഴും കവിത്രയങ്ങൾ എന്നു തെററി ഉപയോഗിക്കാറുണ്ട്. മൂന്നുപേർ എന്ന് അർത്ഥം വരുത്താൻ വേണ്ടി ചെയ്യുന്ന ഈ പ്രയോഗത്തിലെ തെററു മനസ്സിലാക്കണം. പുരത്രയത്തിലും മൂന്നു നഗരം എന്നായതുകൊണ്ട് ബഹുവചനപ്രത്യയം ചേർക്കരുത്.

15. **ക്രിസ്ത്വബ്ദം:** ക്രിസ്തു + അബ്ദം. ക്രിസ്തുവർഷം. ഉകാരത്തിനുശേഷം അകാരം വരുമ്പോൾ ഉകാരം ലോപിച്ച് വകാരം വരുന്നു. സംസ്കൃതസന്ധിയാണ് ആദേശം.

16. **ഖഡ്ഗാകൃതി:** ഖഡ്ഗ + ആകൃതി. അ + ആ = ആ. സവർണ്ണങ്ങൾ തമ്മിൽ സന്ധി ചെയ്യുമ്പോൾ അതിൻെറ ദീർഘസ്വരം വരും എന്നാണ് നിയമം. സന്ധി ചെയ്യുന്നതു ഹ്രസ്വസ്വരങ്ങൾ തമ്മിലോ ഹ്രസ്വസ്വരവും ദീർഘവും തമ്മിലോ ദീർഘസ്വരങ്ങൾ തമ്മിലോ ആകാം. ഏതായാലും സന്ധിയിൽ ദീർഘസ്വരമേ വരൂ. ദീർഘസന്ധി എന്നും സവർണ്ണദീർഘം എന്നും പേരുകളുണ്ട്.

17. **ബൗദ്ധക്ഷേത്രം:** ബുദ്ധമത വിശ്വാസികളുടെ ക്ഷേത്രം. 'ബുദ്ധ' എന്നത് ഒരു നാമശബ്ദമാണ്. അതിൽ നിന്നുണ്ടാക്കിയ മററൊരു നാമമാണ് 'ബൗദ്ധ', ബുദ്ധനെ സംബന്ധിക്കുന്നത് എന്നർത്ഥം. ഒരു നാമത്തിൽനിന്നുണ്ടാകുന്ന മററൊരു നാമത്തെയാണ് തദ്ധിതം എന്നു പറയുന്നത്. ബുദ്ധക്ഷേത്രം എന്നാൽ ബുദ്ധനെ പ്രതിഷ്ഠിച്ച ക്ഷേത്രം എന്നും ബൗദ്ധക്ഷേത്രം എന്നാൽ ബുദ്ധമതക്കാരുടെ ക്ഷേത്രം എന്നും അർത്ഥവ്യത്യാസം വരാം. 'ബുദ്ധ' നിൽ നിന്ന് 'ബൗദ്ധ' ൻ ഉണ്ടാകുന്നതുപോലെ 'ജിന' ശബ്ദത്തിൽനിന്നു 'ജൈന'പദവും 'ശിവ'നിൽ നിന്ന്'ശൈവ'പദവും 'വിഷ്ണു'വിൽ നിന്ന് 'വൈഷ്ണവ'പദവും ഹിന്ദുപദത്തിൽനിന്നു ഹൈന്ദവപദവും തദ്ധിതമായി ഉണ്ടായിരിക്കുന്നു.

18. **ഹൈന്ദവ ഗന്ധം:** ഭക്തപുരത്തിൽ ബൗദ്ധക്ഷേത്രങ്ങളും ഹൈന്ദവ ക്ഷേത്രങ്ങളും ഒരു ചരടിലിണക്കിക്കോർത്ത പുഷ്പങ്ങളെപ്പോലെയാണെന്നു പറഞ്ഞിരിക്കുന്നു. ഈ ക്ഷേത്രങ്ങളെ പുഷ്പങ്ങളോടാണ് ഉപമിച്ചിരിക്കുന്നത്. പുഷ്പങ്ങളിൽനിന്നു ഗന്ധമാണ് ഉയരുന്നത്. ക്ഷേത്രങ്ങളാകുന്ന പുഷ്പങ്ങളിൽനിന്നും ഗന്ധം ഉയരുന്നു എന്നു കല്പിച്ചിരിക്കുന്നു. ഭക്തിപുരത്തിൽ ഹിന്ദുക്ഷേത്രങ്ങളാണ് കൂടുതൽ ഉളളത് എന്നു പറഞ്ഞിരിക്കുന്നു. ഇവിടെ ലാക്ഷണികമായ അർത്ഥമാണ് തോന്നുന്നത്.

19. **മുഖ്യദൃശ്യം:** പ്രധാന കാഴ്ച, 'ദൃശ്യം' എന്നത് ക്രിയാനാമമാണ്. 'ദൃശ്' എന്നു ക്രിയാധാതു. അതിൽ നിന്നാണ് ദൃശ്യം എന്ന നാമം ഉണ്ടാകുന്നത്.

20. **ശുനകഘണ്ട:** ശുനകൻ നായയാണ്. ഘണ്ട എന്നതിന് മണി എന്നാണർത്ഥം. നായ്ക്കളെ പ്രകോപിപ്പിക്കുകയും ഓളിയാടാൻ പ്രേരിപ്പിക്കുകയും ചെയ്യുന്ന മണി എന്നാണ് ഈ പേരുകൊണ്ട് ഉദ്ദേശിക്കുന്നത്.

21. **സിദ്ധപോഖറി:** 'പോഖ്റി' എന്നാൽ കുളം എന്നർത്ഥം. സംസ്കൃതത്തിലെ പുഷ്ക്കരണി പദത്തോടു ബന്ധമുണ്ട്. മലയാളത്തിൽ ഈ പദം പൊക്കരണി അല്ലെങ്കിൽ കൊക്കരണി എന്നൊക്കെ രൂപം പ്രാപിക്കും. 'സിദ്ധ' ശബ്ദത്തിന്ന് സിദ്ധമായ, കൈവന്ന എന്ന് അർത്ഥമുണ്ട്. സിദ്ധൻെറ കുളം എന്ന അർത്ഥവും വന്നു കൂടായ്കയില്ല.

22. **കാഠ്മണ്ഡു:** കാഷ്ഠമണ്ഡപം എന്നാണ് ശരിയായ പേര്. കാഷ്ഠം കാഠ് ആവുന്നു. പദമദ്ധ്യത്തിൽ നിന്ന് ഷ ലോപിക്കുന്നു. മലയാളത്തിൽ കാഷ്ഠം—കാട്ടം എന്നാവും. ഷ കാരലോപം ഇവിടെയും കാണാം. 'മണ്ഡപം'. മണ്ഡു എന്നായി. സംസ്കൃത ശബ്ദങ്ങാം സ്വീകരിക്കുമ്പോാം വർണ്ണങ്ങാം ലോപിപ്പിച്ച് ചുരുക്കി എടുക്കുന്ന സമ്പ്രദായം നേപ്പാളിലുണ്ട്.

23. **ഒററ:**'ഒരു' വിശേഷണമാണ്. ഒരു മനുഷ്യൻ, ഒരു മരം എന്നിങ്ങനെ ഉദാഹരണം. ഒരുവിൽ നിന്നുണ്ടാകുന്ന ഒരു നാമപദമാണ് ഒന്ന്. ഒന്നിനെ വീണ്ടും വിശേഷണമാക്കുമ്പോഴാണ് 'ഒററ' ആകുന്നത്. ഒററത്തടി, ഒററത്തന്ത്രി ഇവ ഉദാഹരണം. 'ഒരു' പോലെ തന്നെ 'ഒററ'യും വിശേഷണമായാണ് പ്രവർത്തിക്കുന്നത്. എന്നാൽ 'ഒററ' നാമത്തിൻെറ രീതിയിൽ പ്രവർത്തിക്കാറുണ്ടു്. ഒററയിൽ, ഒററക്ക്, ഒററയുടെ എന്നിങ്ങനെ വിഭക്തി പ്രത്യയം ചേർത്ത രൂപങ്ങാം നിലവിലുണ്ട്. വിഭക്തിപ്രത്യയം ചേരുന്നത് നാമപദങ്ങളോടായതുകൊണ്ട് ഇതിനെ നാമമായി കണക്കാക്കാം.

24. **പാണ്ഡവൻ:** പാണ്ഡുവിൻെറ പുത്രൻ. പാണ്ഡു പദത്തിൽ നിന്നുണ്ടായ മററൊരു പദമാണ് ഇത്. തദ്ധിതത്തിൻെറ വിഭാഗത്തിൽപ്പെടുന്നു. കൗരവൻ, പൗരവൻ എന്നിങ്ങനെയുളള രൂപങ്ങളും തദ്ധിതം തന്നെ.

25. **കൂററൻ:** ഇത് ഒരു നാമവിശേഷണമാണ്. വലിയ എന്ന അർത്ഥം. കൂററു എന്നതിനോട് 'അൻ' എന്ന ലിംഗ പ്രത്യയം ചേർത്താണ് ഈ വിശേഷണം ഉണ്ടാക്കുന്നത്.'വര' എന്ന നാമത്തോട് 'അൻ' ചേർത്തു വരയൻ എന്നുണ്ടാക്കും. ചില നാമപദങ്ങളോട് 'അൻ' ചേർത്തു തദ്ധിതങ്ങളുണ്ടാക്കാറുണ്ട്. ക്രിയയിൽനിന്നും നാമങ്ങാം ഉണ്ടാക്കും. തുവരുക എന്ന ക്രിയയിൽനിന്നും 'തുവരൻ' ഉണ്ടാക്കും. വരയൻ കൂററൻ എന്നിങ്ങനെ രൂപങ്ങാം വരുന്നത് ഇപ്രകാരമാകുന്നു.

26. **കൈത്തൊഴിൽ:** ചെറുകിട വ്യവസായം എന്നർത്ഥം. യന്ത്രത്തിൻെറ സഹായം കുറവായിരിക്കും. ഇവിടെ കൈ എന്നതിന് കൈകൊണ്ടു ചെയ്യുന്ന എന്നല്ല. ചെറുത് എന്നതാണ് അർത്ഥം. കൈതോട്, കൈവഴി തുടങ്ങിയ ഉദാഹരണങ്ങളിൽ ചെറിയ എന്ന അർത്ഥം വരുന്നതു കാണാം.

27. **സായാഹ്നം:** സന്ധ്യാസമയം സായ + അഹ്നം. സായ എന്നതിനു അവസാനം എന്നും അഹ്നം എന്നതിനു പകൽ എന്നുമാണ് അർത്ഥം. അഹസ്സ്-അഹൻ—അഹ്നം പകലിൻെറ അവസാനം സന്ധ്യാസമയം എന്നു അർത്ഥം വരും. സായം സന്ധ്യ എന്നും സായംകാലം എന്നുമൊക്കെ രൂപങ്ങാം വരും. സായം എന്നതിന് സന്ധ്യ എന്നാണർത്ഥം.

28. **കാൽനട:** നടക്കുക എന്നത് ഒരു ക്രിയയാണ്. കാലുകൾ നീട്ടിവെച്ച് മററൊരു സ്ഥലത്ത് എത്തത്തക്ക വിധത്തിൽ ചലിക്കുമ്പോഴാണ് നടക്കുന്നത്. ഈ ക്രിയയിൽ നിന്നുണ്ടായ നാമമാണ് 'നട'. കാൽനട എന്നിടത്ത് നട എന്നത് കാലുമായി ബന്ധപ്പെട്ട ഒരു പ്രവൃത്തിയാണെങ്കിലും യാത്ര എന്നു മാത്രമേ അർത്ഥം ഉള്ളു. അതുകൊണ്ട് കാലുകൊണ്ടു നടക്കുന്നു. യാത്ര ചെയ്യുന്നു എന്ന അർത്ഥത്തിൽ കാൽനട എന്നു പ്രയോഗിക്കുന്നു.

29. **മുറിച്ചു കടക്കുക:** മുറിക്കുക എന്ന ക്രിയക്ക് കണ്ടിക്കുക, രണ്ടാക്കുക എന്നാണർത്ഥം. കടലാസ് മുറിച്ചു, പഴം മുറിച്ചു എന്നിങ്ങനെ. എന്നാൽ മുറിച്ചു കടക്കുക എന്നിടത്ത് അർത്ഥത്തിൽ അൽപ്പം വ്യത്യാസമുണ്ട്. രണ്ടാക്കൽ എന്ന പ്രക്രിയയല്ല കുറുകെ കടക്കുക എന്നതു മാത്രമാണ് ഇവിടെ നടക്കുന്നത്. നടക്കലിലൂടെ മൈതാനത്തെ രണ്ടാക്കുന്നു എന്ന ക്രിയ നടക്കുന്നു എന്നു കൽപ്പിക്കണം.

30. **പാവി:** പാകി എന്നാണു പ്രയോഗം. മററു രണ്ടു കാലത്തിലും 'ക' കാരം ചേർന്ന രൂപമാണ് സാധാരണ. പാകുന്നു. പാകും ഭൂതകാല പ്രത്യയം ചേരുമ്പോൾ പാകി എന്നാവും. മലയാളത്തിൽ 'ക' യും 'വ' വും തമ്മിൽ പരസ്പരം വിനിമയം ഉണ്ടാകാറുണ്ട്. പോകുന്നു. പോവുന്നു ചാകുന്നു-ചാവുന്നു എന്നിങ്ങനെ ആയിത്തീരുന്നു.

31. **പൊടിപൊടിച്ചു:** ഇവിടെ പൊടി എന്നും പൊടിച്ചു എന്നുമാണ് പദങ്ങൾ. ക്രിയാരൂപങ്ങൾ ആവർത്തിച്ചു പ്രയോഗിച്ച് അർത്ഥം കൂടുതൽ വിശദമാക്കുന്നു. കറുകറുത്തു. മിനുമിനുത്തു എന്നിങ്ങനെ. ഇവയിൽ ക്രിയാരൂപങ്ങളുടെ അർത്ഥം തന്നെയാണ് കിട്ടുന്നത്. എന്നാൽ പൊടിപൊടിച്ചു എന്നതിൽ പൊടിയുമായോ പൊടിക്കുകയുമായോ യാതൊരു ബന്ധവുമില്ല. കേമമായി എന്ന അർത്ഥമാണ് ഇതു നൽകുന്നത്. കെങ്കേമം എന്നു പറയുന്നതിന്റെ അർത്ഥവും ഇതു തന്നെ.

## പുരോഗതി സ്വയം പരിശോധിക്കുക—1

1) താഴെ കൊടുത്തിരിക്കുന്ന പ്രസ്താവങ്ങളിൽനിന്നും ശരിയായ ഉത്തരം കണ്ടുപിടിക്കുക:

1. പഗോഡാ ടൈപ്പ് മന്ദിരങ്ങൾ ആദ്യമായി നിർമ്മിച്ചത് നേവാരികളാണ്.
2. നോവാരികളെ ആക്രമിച്ചു കീഴടക്കിയ ഗൂർഖകളാണ് കലയിൽ താൽപര്യം ഉണ്ടാക്കിയത്.
3. കൃഷി ചെയ്യുന്ന രീതിയും മററും ഇന്ത്യയിൽ നിന്നാണ് അവർ വശമാക്കിയത്.
4. ശുനകഘണ്ട നിർമ്മിച്ചത് ഭൂപതീന്ദ്രമല്ല രാജാവാണ്.

2) ബ്രാക്കററിൽ കൊടുത്തവയിൽനിന്ന് ശരിയായ ഉത്തരം എടുത്ത് പൂരിപ്പിക്കുക:

1. ഭക്തപുരം സംവിധാനം ചെയ്തിരിക്കുന്നത് ...................... ആകൃതിയിലാണ്.
(ഖഡ്ഗം, ശംഖ്, വൃത്തം)
2. ഭക്തപുരത്തെ മുഖ്യദൃശ്യം ...................... ആണ്.
(ദർബാർചത്വരം, സുവർണ്ണ കവാടം, സിംഹകവാടം)
3. മരത്തിലെ കൊത്തുവേലകളിൽ ...................... സമൃദ്ധമാണ്.
(ദേവവിഗ്രഹങ്ങൾ, മഹാഭാരതയുദ്ധം, മയിൽനൃത്തങ്ങൾ)
4. ഒരൊററ തടിയിൽ നിന്നുള്ള മരം കൊണ്ടു നിർമ്മിച്ചതാണ് ......................
(സൂര്യവിനായകക്ഷേത്രം, ദത്താത്രേയക്ഷേത്രം, സിദ്ധപോഖ്റി)
5. 'പട്ടണം' നിർമ്മിച്ചത് ...................... രാജാവാണ്.
(ഭൂപതീന്ദ്രമല്ലൻ, വീരദേവൻ, പശുപതിനാഥൻ)
6. പട്ടണത്തിന്റെ പഴയ പേർ ...................... എന്ന് ആയിരുന്നു.
(ലളിതപുരം, സുവർണ്ണകവാടം, ചാഹ്സ)

## 15.5 വിഷയാവതരണം

മലയാളത്തിലെ പ്രശസ്തനായ നിരൂപകനാണ് മുണ്ടശ്ശേരി മാസ്ററർ. അദ്ദേഹത്തിന് ഇംഗ്ളീഷിലും സംസ്കൃതത്തിലും നല്ല വ്യുല്പത്തിയുണ്ടായിരുന്നു. ഒരു നോവലിസ്ററു കൂടിയാണദ്ദേഹം. നിരീക്ഷണ പാടവും വിമർശന ബുദ്ധിയും ഉള്ള ഒരു സാഹിത്യകാരൻെറ യാത്രയുടെ വിവരണം കണ്ണിൽപ്പെട്ട വസ്തുക്കളുടെ സരസമായ വിവരണം മാത്രമാവില്ല, അത് ചിന്തോദ്ദീപകം കൂടിയായിരിക്കും. വായിച്ചും, പഠിച്ചും. ചിന്തിച്ചും ഉറച്ച ആശയങ്ങാം അണ പൊട്ടിയൊഴുകുന്ന ഒരു അനുഭവമാണ് അത് പലപ്പോഴും ഉളവാക്കുക. വിന്ധ്യനും ഹിമാലയത്തിനും ഇടയ്ക്ക് യാത്ര ചെയ്യുമ്പോാം മുണ്ടശ്ശേരി മാസ്ററർ വായനക്കാരെ സംസ്കാര ശിഖരങ്ങളിലും, സാനുക്കളിലും കൂടെ പര്യടനം ചെയ്യിപ്പിക്കുകയാണ്. കൗതുകവും ചിന്തയും ഉണർത്തുന്ന ആ വിവരണം ശ്രദ്ധിച്ചു വായിക്കുക. അതൊരനുഭൂതിയായിരിക്കും.

### പാഠം-2 വിന്ധ്യ ഹിമാലയങ്ങാംക്കിടയിൽ

ആ യാത്രയിൽവച്ച് ഒരു കാര്യം ബോധ്യമായി—ഇംഗ്ളീഷ് സാഹിത്യത്തിൻെറ പൊരുളറിയാൻ ഇംഗ്ളണ്ടിൽ പോകണമെങ്കിൽ ഇന്ത്യൻ സംസ്കാരത്തിൻെറ വൈചിത്ര്യങ്ങളോരോന്നും യഥായഥം അവധാരണം ചെയ്യാൻ ഇന്ത്യയിലങ്ങോളമിങ്ങോളം—വിശേഷിച്ച് വിന്ധ്യഹിമാലയങ്ങാംക്കിടയിൽ ഒന്നു നടന്നുനോക്കുക തന്നെ വേണം. ആർക്കായാലും കാര്യങ്ങാം ഏട്ടിൽകാണുന്നതിലുമധികം സുഗ്രഹമായിത്തീരും, നിശ്ചയം. ഏട്ടിൽ യാതൊന്നും കാണാത്തവരായാലോ? ആ, ശരി, അവരേക്കുറിച്ചോർക്കായ്കയില്ല. ഇന്ത്യയുടെ ഒരററത്തുനിന്നു മറേറ അററത്തോളം പാഴ്സൽപോലെ പോയിവരുന്നവരുണ്ട്, പ്രത്യേകിച്ചിക്കാലത്ത്. ഞാനുദ്ദേശിക്കുന്നത് ഇറങ്ങിയാൽ കയറുന്നതുവരെ കണ്ണുമിഴിച്ചു നോക്കാനും കാണുന്നതൊക്കെ കരാംകുളിർമയോടെ ഗ്രഹിക്കാനും കൗതുകമുള്ള യാത്രക്കാരെമാത്രം. അമ്മാതിരി നോട്ടക്കാരിൽനിന്ന് ഒരു ഹിലയർബെല്ലക്കോ, സോമർസെററ് മോമോ, കെ.ഇ. ലാറൻസോ മലയാളത്തിൽ ഉണ്ടായെങ്കിൽ!

ഈ രാജ്യത്തിൻെറ വടക്കേ അററത്തു നമ്മുടെ 'നൂലാമാല' കളിൽനിന്നെല്ലാം പിൻവാങ്ങി ഉയർന്നുയർന്നങ്ങനെപോയി മേഘവീഥിയേയും പിന്നിട്ട് മാനസസരസ്സിലെ ഹംസങ്ങളുമായി ബ്രഹ്മാണ്ഡതത്ത്വങ്ങളെക്കുറിച്ചാലോചിച്ചങ്ങനെ നില്ക്കുന്ന ഹിമവാനെക്കാണുമ്പോാം ഇന്ത്യയുടെ അധ്യാത്മ സമ്പത്താകെ ഒരിടത്തു കൂമ്പാരംകൂട്ടിയതുപോലെ തോന്നും. അവിടെ ചെന്നാൽ മതിയാകും കുമാരസംഭവത്തിൻെറയും മററും വ്യംഗ്യചമല്ക്കാരാതിശയം ആസ്വാദ്യമായിത്തീരാൻ. പൗരാണിക കവിയുടെ ഭാവനയിൽ ഹിമാലയം—ഭയാനകമായ ആ പർവതപംക്തി—ആദിദ്രാവിഡ സംസ്കാരത്തിൽ 'ആൻ' (ഈശ്വരൻ) ആയിരുന്ന ശിവൻെറ സമാധിപദമായതിൽ എന്തൊരൗചിത്യം! ഹിമാലയശൃംഗത്തിൽ ഒരു വെള്ളിപ്പൊട്ടെന്ന കണക്കുദിച്ചുയരുന്ന പൂന്തിങ്കളിനെയും അതിൻെറ മഞ്ജുളമയൂഖങ്ങാം തട്ടി ഓളം തുള്ളിക്കുത്തിമറിഞ്ഞൊഴുകിപ്പോകുന്ന ഭാഗീരഥിയേയും ശിവശീർഷത്തിന്നലങ്കാരണളാക്കിയതോ? പറയാനാവില്ല. എല്ലാം ആ പ്രാചീന കവികല്പനയിൽ ചേരേണ്ടവിധം ചേർന്നവതന്നെ. പോരെങ്കിൽ അതാ ഒരു പാർവ്വതീകല്പന കൂടി. ഭൂതധാത്രിയാവുകയാൽ ആദിദ്രാവിഡർ എല്ലാവരുടെയും അമ്മയായെണ്ണി (മാ. അമാ) വലിയൊരു ദേവതയാക്കി പൂജിച്ച ഭൂമിയെ മാമലയുടെ അരുമത്തയ്യലാക്കി കല്പിച്ചതു നന്നായിട്ടുണ്ട്. പിന്നാലെ പാർവ്വതീപരമേശ്വരന്മാർ തമ്മിലൊരു വിവാഹം—ജഗല്പ്പിതാക്കാം തമ്മിൽ. അതിൽ ഒരു സന്താനം സുബ്രഹ്മണ്യൻ. ഈ വിവാഹകഥയും ആര്യപൂർവ്വന്മാരിൽനിന്ന് ആഗതമാണ്. എല്ലാററിനും ആര്യന്മാർ പേരും പരിസരവും കൊണ്ട് ഒരു നൂതനത വരുത്തിയെന്നേയുള്ളൂ. ആ പൊളിച്ചെഴുതിയ വിവാഹംകൊണ്ട് ഇന്ത്യയിലെ ആര്യദ്രാവിഡ സങ്കരമല്ലേ ഉദ്ദിഷ്ടം? അങ്ങനെ, ഏതായാലും ആ പഴങ്കഥയിൽനിന്ന് പരാർത്ഥ്യമായൊരു കാവ്യം സംസ്കൃതത്തിൽ പൊട്ടിവിരിഞ്ഞു—കുമാരസംഭവം. അതിൻെറ യശഃപടഹങ്ങളായ ഒന്നും മൂന്നും അഞ്ചും സർഗ്ഗങ്ങാം ഹിമാലയത്തിൽ ഇന്നും കാണാം. "അസ്ത്യുത്തരസ്യാം ദിശിദേവതാത്മാ" എന്നു തൊട്ടു പർവ്വതവർണ്ണനാപരമായ പതിനേഴു ശ്ളോകങ്ങളിലും തനി 'റിയലിസം' തന്നെ. അതൈലപൂരങ്ങളായ ദീപങ്ങളെപ്പോലെ ഇരുട്ടിൽ ശോഭിക്കുന്ന ആ ഓഷധിവിശേഷങ്ങാംകൂടി അന്നത്തെപ്പോലെ ഇന്നും അവിടെയുണ്ട്. മൂന്നാം സർഗ്ഗത്തിൽ വസന്തഭൂഷിതയായ ഹൈമവത വനത്തിൻെറ ഒരു ഭാഗത്തുനിന്നു സർവാംഗമോഹിനിയായ പാർവതി വനദേവതമാരാൽ അനുപ്രയാതയായി

പുഷ്പങ്ങളുമേന്തി ''സഞ്ചാരിണീ പല്ലവിനീലതേവ'' മന്ദം മന്ദം കൈലാസത്തിലേക്കു ഗമിക്കുന്നതും, ആ ഹിമധവളിതമായ ആസ്ഥാനത്തിൽ സമാധിഗതനായി ശിവനങ്ങനെ ഇരിക്കുന്നതും അവർക്കിടയിൽ ഒരു കോണിലൊളിഞ്ഞു മദനൻ വില്ലുകുലച്ചുന്നം നോക്കി നില്ക്കുന്നതും പെട്ടെന്നു ഗൗരവക്ഷതി വന്നതായറിയുമ്പോഴേക്കും ശിവന്റെ ദൃക്കിൽനിന്നും കോപം അഗ്നിയായി ചൊരിയുന്നതുമൊക്കെ ഹിമാലയത്തിൽ കയറുമ്പോൾ പ്രത്യക്ഷാനുഭവമാണ്! ലതകളും പൂക്കളും നികുഞ്ജങ്ങളും ദേവതാരുമരങ്ങളും ഇടതിങ്ങി ഒന്നിനുമേൽ മറ്റൊന്നായി തൊട്ടു തൊട്ടു കിടക്കുന്ന കുന്നുകളുടെ അങ്ങേ അറ്റത്തു മഞ്ഞണിമാമലയിൽ അസ്തമയാർക്കന്റെ അരുണ മരീചികൾ കുത്തുമ്പോൾ ആ മൂന്നാം സർഗ്ഗത്തിലെ ചിത്രം ആരുടെമുമ്പിലുദിക്കുകയില്ല! അഞ്ചാം സർഗ്ഗത്തിലെ വർണ്ണിതമായ ഗൗരീശിഖരത്തിലെ തപോരംഗം ഹിമാലയത്തിലെവിടെയും കാണാം. ഉയർന്ന കുന്നുകൾക്കിടയിൽ ഹിംസ്രജന്തുക്കളുടെ ബാധകളേൽക്കാതെ അടങ്ങിയൊതുങ്ങി ജീവിക്കാനുതകുന്ന തരുകദംബങ്ങളായ കുടിയിരുപ്പുകൾ എത്രയാണെന്നോ അവിടെ! ഇന്നും വേണമെങ്കിൽ അവിടങ്ങളിൽ നിർബാധം തപസ്സിനു കൂടാം.

കാളിദാസകൃതിയുടെ സത്തു പിഴിഞ്ഞുണ്ടാക്കിയതാണ് കുമാരനാശാന്റെ നളിനി. ആര്യദ്രാവിഡബന്ധത്തോടു ചുറ്റിപ്പിണഞ്ഞു കിടക്കുന്ന പുരാണത്തിൽനിന്നു നായികാനായകന്മാരുടെ കാമനിവർത്തിതമായ പ്രണയത്തെ മോചിപ്പിച്ചു സാത്വികതയുടെ പരമകോടിയോളം എത്തിക്കുക എന്നതായിരുന്നു ആശാന്റെ ഉന്നം. അപ്പോഴും ആ പ്രകൃതിസുന്ദരമായ ഹൈമവതഭൂവിൽനിന്ന് നായികാനായകന്മാരെ കൃത്രിമതകളുടെ നൃത്തക്കളമായ നഗരത്തിലേക്കിറക്കാനിഷ്ടപ്പെട്ടില്ല. ആ പശ്ചാത്തലവും, ആ പ്രേമവും—രണ്ടും ഒന്നിച്ചിരിക്കണമെന്ന് അദ്ദേഹത്തിനറിയാം.

സിംലയിലെത്തുമ്പോൾ ആ പർവതശിഖരത്തിൽ മധ്യയൂറോപ്പിനെ പറിച്ചുനട്ടതുപോലെ തോന്നും. എല്ലാംകൊണ്ടും ഒരു സ്വിസ്നഗരം തന്നെ. കുന്നിനുമേൽ കുന്ന്; ഓരോന്നിന്റെയും നെറുകയിൽ ഓരോ തട്ട്; അങ്ങനെ പല തട്ടുകളായി പൊങ്ങിപ്പോയിരിക്കുകയാണ് ആ നഗരം. തലയ്ക്കൽ വൈസ്രോയി മന്ദിരം; കടയ്ക്കൽ ഏഴക്കുടിലുകൾ. തീവണ്ടി പോയി നിൽക്കുന്നത് അടിയിലൊരു തട്ടിൽ. അവിടെനിന്ന് മേൽപോട്ട് കയറാൻ ദ്രുതവാഹനങ്ങളൊന്നും ഉപയോഗിച്ചുകൂടാ. പാവങ്ങൾ—കഴുതകളെപ്പോലെ ചുമടുമെടുത്ത് നടക്കാൻമാത്രം പഠിച്ച പാവങ്ങൾ—അവർ വലിച്ചുകയറ്റും സകലവും—മനുഷ്യരെയും. കുതിരസവാരി വശമാണോ, ശരി, ജവഹരിലാലിനെപ്പോലെ മനുഷ്യരുടെ ശാപമേൽക്കാതെ കയറിപ്പോകാം. മേലോട്ടുമേലോട്ടു കയറുന്തോറും സായിപ്പിന്റെ ലോകമായി. എല്ലാം അയാളുടെ മോഡലിൽത്തന്നെ. അവിടെ ബ്രിട്ടീഷ് മേൽക്കോയ്മ ഷാജഹാൻ മയൂരസിംഹാസനത്തിലെന്നപോലെ അകുതോഭയം വാഴ്ചകൊള്ളുകയാണ്.

ഹിമാലയത്തിൽ നിന്നിറങ്ങിയാൽ ശാഖോപശാഖകളോടുകൂടിയ നദികളും അവ പർവതശിഖരങ്ങളിൽനിന്ന് വാരിവലിച്ചെത്തിച്ച കല്ലും മണ്ണുംകൊണ്ട് തൂർന്ന് നിരപ്പായിത്തീർന്ന വളക്കൂറേറിയ ഭൂഭാഗങ്ങളുമാണ്. അവിടങ്ങളിൽവച്ച് ക്രിസ്തബ്ദാൽപൂർവവും പരവുമായി ആര്യദ്രാവിഡർ തമ്മിൽനടന്ന മഹാസമരങ്ങളുടെ ഝണഝണനാദം രാമായണവും മഹാഭാരതവും ഇന്ത്യൻ സംസ്കാരത്തിന്റെ ചെപ്പേടുകളെന്ന നിലയ്ക്കു പരിശോധിച്ചിട്ടുള്ളവരുടെ ചെവികളിൽ ഇന്നും പ്രതിധ്വനിക്കാൻ പാടുണ്ട്. ഗംഗാതീരത്തിൽനിന്ന് കിഴക്കോട്ടുനീങ്ങി ബംഗാളിലേക്കു കടന്നാൽ കാണുന്നവർ ഒരുവക. ഗംഗയ്ക്കരികത്തായാൽ ആളുകൾക്കു ബ്രാഹ്മണ്യം കൂടി. അവിടെനിന്ന് സൈന്ധവദേശത്തോളം ചെന്നാൽ മിശ്രമേ മിശ്രം. അവിടെക്കാണുന്ന വെങ്കലകൂട്ടുകളിൽ എന്തൊക്കെ ചേർന്നിട്ടുണ്ടോ ആവോ? എങ്ങനെയായാലും ക്ഷത്രിയവൈശ്യധർമ്മങ്ങൾക്കാണ് ആ ഭാഗങ്ങളിൽ പ്രാധാന്യം.

ആര്യന്മാർക്കും മുമ്പ് ഉത്തരഭാരതത്തിൽ സംസ്കാരസമ്പന്നരായൊരു വർഗ്ഗക്കാരുണ്ടായിരുന്നുവെന്നും അവർ ദ്രാവിഡരായിരുന്നുവെന്നും ഇപ്പോൾ വിദ്വൽസമ്മതമായിട്ടുണ്ടല്ലോ. സംസ്കാരവികാസവിഷയകമായി ഉപര്യുപരി ഗവേഷണങ്ങൾ നടത്തിയ ചില പണ്ഡിതവര്യന്മാരുടെ അഭിപ്രായത്തിൽ ആ ദ്രാവിഡർ—മേൽപ്പറഞ്ഞ നദികളുടെ തീരങ്ങളിലൊക്കെ നഗരങ്ങൾ കെട്ടി രാഷ്ട്രങ്ങൾ സ്ഥാപിച്ച ദ്രാവിഡർ—രണ്ടു മഹാഗണങ്ങൾ സമ്മേളിച്ചുണ്ടായവരാണ് മരുമക്കത്തായികളും മക്കത്തായികളും. മരുമക്കത്തായികൾ ഗംഗയ്ക്കു കിഴക്കായിരുന്നുവത്രേ ആദ്യം. പിന്നീടവർ പടിഞ്ഞാറൻഭാഗത്തിലേക്കു നീങ്ങി മക്കത്തായികളുമായി കൂടി. ആ ഒഴുക്കിൽ കുറെ ദ്രാവിഡർ കലർപ്പിനിടയാകാതെ കടൽത്തീരങ്ങളിലൂടെ തെക്കോട്ടു കടന്നിരിക്കാമെന്നൊരു മതമുണ്ട്. ആ സ്ഥിതിക്കു ബംഗാളികളും മലയാളികളും തമ്മിൽ കൂടുതൽ സാരൂപ്യമുണ്ടാകാൻ പാടില്ലേ? ബംഗാൾ ദ്രാവിഡർ മക്കത്തായികളായ ആര്യന്മാരുമായിണങ്ങി മേല്ക്കുമേൽ

പരിഷ്കാരം പ്രാപിച്ചു കഴിഞ്ഞു. മലയാളികളിൽ മരുമക്കത്തായികൾ പരിഷ്കാരത്തിൻെറ മറുതല കണ്ടിട്ടും തായ്‌വഴിവിട്ടു തന്തവഴി പിടിച്ചു കഴിഞ്ഞിട്ടില്ല. ദ്രാവിഡരിൽ മക്കത്തായികളും തെക്കൻ ഭാഗങ്ങളിൽ കുടിയേറിയിരിക്കാം. ഇരുകൂട്ടരുടേയും പിന്നാലെ ആര്യന്മാരും. അതിനാൽ ഇരുതായങ്ങളും ഇടമറിഞ്ഞങ്ങനെ കിടക്കുകയാണ് നമ്മുടെ നാട്ടിൽ.

ഇന്ത്യ ഒരു വലിയ ദ്രാവിഡപ്പരപ്പായിരുന്ന യുഗത്തിൽ ഭാഷയുമൊന്നായിരുന്നുവെന്നാണ് അധുനാതനന്മാരുടെ നിഗമനം. മൂലദ്രാവിഡഭാഷതന്നെ അങ്ങനെയെങ്കിൽ ഗംഗയ്ക്കു കിഴക്കുവടക്കായി നേപാളസമീപത്തിൽ കാണുന്ന 'ന്യൂയർ' ദ്രാവിഡരും കേരളത്തിലെ നായന്മാരും ഏകവർഗ്ഗീയരായിരിക്കാമെന്ന് കനകസഭൻ അഭിപ്രായപ്പെട്ടു. ശരിയായിക്കൂടെ? നാഗാരാധന ഇരുകൂട്ടർക്കുമുണ്ട്. പേർതന്നെ ഒന്ന്. ദേശകാലപ്രക്ഷേപത്താൽ ഉച്ചാരണമൊന്ന് ഭേദപ്പെട്ടു—അത്രയല്ലേയുള്ളു,?

നമ്മുടെ കാര്യത്തിലേക്കു തിരിഞ്ഞപ്പോൾ അല്പം അതിവിസ്താരമായിപ്പോയി. വീണ്ടും വടക്കോട്ടു പോകുകതന്നെ. ഗംഗാതീരത്തിൽ ആധിപത്യമുറപ്പിച്ച ആര്യന്മാർ ഇതരദേശീയരെക്കാളധികം ബ്രാഹ്മണ്യം പുലർത്തിയതായി തോന്നുന്നു. അവിടെനിന്നാണല്ലോ രാമായണത്തിൻെറ പുറപ്പാട്. തദ്ദേശീയാര്യന്മാർ വിന്ധ്യൻെറ കിഴക്കേപ്പുഴുതിൽക്കൂടി ദക്ഷിണഭാരതത്തിലേക്കു കുതിച്ചു തമിഴകത്തൂടെ ലങ്കവരേക്കെത്തിയതിൻെറ തെളിവാണല്ലോ രാമായണം. രാമായണകഥയെ മുൻനിർത്തി എത്രയെത്ര ഉൽകൃഷ്ടകൃതികൾ സംസ്കൃത സാഹിത്യത്തിൽ തലപൊക്കി! അവയെല്ലാം ഗംഗേയാര്യൻമാരുടെ വൈജയന്തികൾതന്നെ. അവരുടെ ബ്രാഹ്മണ്യത്തോടായിരുന്നല്ലോ ബൗദ്ധൻമാരുടേയും ഒടുവിൽ മഹമ്മദീയരുടേയും കയ്യേററം. മഹാഭാരതത്തിലാകട്ടെ— ക്ഷാത്രത്തിൻെറ കളരികളാണ്. ആദ്യം ആര്യന്മാരും ദ്രാവിഡരും തമ്മിൽ പടവെട്ട്. പിന്നെ ആര്യദ്രാവിഡരിൽ പല പല ഗണക്കാർ തമ്മിൽ ഇടയ്ക്കിടയ്ക്ക് സൈന്ധവദേശത്തൂടെ പ്രവഹിച്ച വൈദേശികരായിട്ടും. ഒടുവിൽ എല്ലാം കലങ്ങിക്കൂടി. അങ്ങനെ ഒരവിയൽ സംസ്കാരമാണ് മഹാഭാരതത്തിൽ കാണുന്നതെന്നു പറയാം.

ഇന്ത്യൻ ജനതയെ ആയാലും കേരളീയ ജനതയെ ആയാലും ഏകീകരിക്കുവാനുദ്ദേശിക്കുന്നവർ ഇപ്പറഞ്ഞ പശ്ചാദ്ഭൂമിയും അതിൽനടന്ന ചിത്രരചനാകോലാഹലവും അനുസ്മരിച്ചേ മതിയാവൂ. അപ്പോൾ ഒരു ജനസമുദായത്തിനോ ഒരു സംസ്കാരത്തിനോ നമ്മുടെ നാട്ടിൽ വിശേഷിച്ചു നിലകിട്ടണമെന്നും വാദിക്കുകയില്ല. രാഷ്ട്രഘടകങ്ങളശേഷം സമശീർഷങ്ങളെന്നൊരു ധാരണ എല്ലാവർക്കും ഉണ്ടാവുകയും ചെയ്യും.

## 15.6 ലേഖകപരിചയം

കോളേജിലെ ഒരു അധ്യാപകനായി ഔദ്യോഗിക ജീവിതം ആരംഭിച്ചു. കൊച്ചിൻ സർവ്വകലാശാലാ വൈസ്ചാൻസലർ പദവിയിൽ ആണ് അദ്ദേഹം ഒടുവിൽ സേവനം അനുഷ്ഠിച്ചത്. രാഷ്ട്രീയ രംഗത്തു പ്രവർത്തിച്ചിരുന്ന കാലത്ത് കേരളത്തിലെ വിദ്യാഭ്യാസമന്ത്രിയായി കുറെക്കാലം പ്രവർത്തിച്ചു. സാഹിത്യ വിമർശനം സംബന്ധിച്ച് എഴുതിയിട്ടുള്ള കാവ്യപീഠിക, അന്തരീക്ഷം, മാററൊലി, മനുഷ്യകഥാനുഗായികൾ, മാനദണ്ഡം, രാജരാജൻെറ മാററൊലി, നാടകാന്തം കവിത്വം, കുമാരനാശാൻെറ കവിത—ഒരു പഠനം, വള്ളത്തോൾ കവിത—ഒരു പഠനം വായനശാലയിൽ എന്നീ കൃതികളും, പ്രൊഫസർ, കൊന്തയിൽനിന്ന് കുരിശിലേക്ക്, പാറപ്പുറത്തു വിതച്ച വിത്ത് എന്നീ നോവലുകളും, കൊഴിഞ്ഞ ഇലകൾ എന്ന ആത്മകഥയുമാണ് പ്രധാന കൃതികൾ. മുണ്ടശ്ശേരിയുടെ "ഒററ നോട്ടത്തിൽ' എന്ന ഗ്രന്ഥത്തിലുള്ള ഒരുപന്യാസമാണ് 'വിന്ധ്യഹിമാലയങ്ങൾക്കിടയിൽ'

## 15.7 പാഠസംഗ്രഹം

വിന്ധ്യ ഹിമാലയങ്ങൾക്കിടയ്ക്ക് സഞ്ചരിച്ചപ്പോഴാണ് മുണ്ടശ്ശേരി എന്ന പ്രസിദ്ധ നിരൂപകന് ഇന്ത്യൻ സംസ്കാരത്തിൻെറ വൈചിത്ര്യം മനസ്സിലാക്കുവാൻ ഇന്ത്യയിൽ അങ്ങോളമിങ്ങോളം സഞ്ചരിക്കേണ്ടതാണെന്ന് ബോദ്ധ്യമായത്. ഈ രാജ്യത്തിൻെറ വടക്കേ അററത്ത് ഹിമാലയമുണ്ട്, അദ്ധ്യാത്മസമ്പത്താകെ കൂമ്പാരം കൂട്ടിയതുപോലെ നിൽക്കുന്നു. കുമാരസംഭവത്തിൻെറയും മററും വ്യംഗചമല്ക്കാരങ്ങൾ ആസ്വാദ്യമാകുന്നത് ഹിമവൽപരിസരത്തുകൂടെ

കടന്നുപോകുമ്പോഴാണ്. ഹിമവാൻ ശിവൻെറ സമാധിപദമാണ് മഹാകവി കാളിദാസൻെറ സങ്കല്പത്തിൽ. ഭൂമിയെ ദേവതയാക്കി കല്പിച്ച ദ്രാവിഡരുടെ ഭൂധാത്രി സങ്കല്പത്തെ കവി പാർവ്വതിയാക്കി. മനോഹരമായ ഒരു അർദ്ധനാരീശ്വര കല്പനയും നൽകി. ശിവനും പാർവ്വതിയും തമ്മിലുള്ള വിവാഹസങ്കല്പം ആര്യ ദ്രാവിഡസംസ്കാരത്തെയാണ് പ്രതിനിധാനം ചെയ്യുന്നത്. കുമാരസംഭവത്തിലെ ഓരോ വരിയും, ഓരോ സംഭവവും ഹിമാലയത്തിൽ കയറുമ്പോൾ പ്രത്യക്ഷാനുഭവമായി മാറും. സിംലയിലെത്തുമ്പോൾ ആ പർവ്വതശിഖരത്തിൽ മധ്യയൂറോപ്പിനെ പറിച്ചു നട്ടപോലെ തോന്നും. യൂറോപ്യൻ രീതിയാണിവിടെയെല്ലാം കാണുക. ഹിമാലയത്തിൽ നിന്നിറങ്ങിയാൽ വളക്കൂറുള്ള ഭൂവിഭാഗങ്ങളാണ് കാണപ്പെടുക. അവിടെയാണത്രേ ഭാരതത്തിലെ ആദിമനിവാസികളായ ദ്രാവിഡർ വസിച്ചിരുന്നത്. മൂലദ്രാവിഡരുടെ ഭാഷ ഒന്നായിരുന്നു; ആചാരമൊന്നായിരുന്നു. ഇന്ത്യയുടെ തെക്കും വടക്കും ആ ജനതയെക്കാണാം. ഇവരുടെ ഇടയിൽ ആര്യർ കടന്നുവന്നതോടെയാണ് സങ്കര സംസ്കാരമുണ്ടായത്. ഇന്ത്യൻ ജനതയേയും കേരളജനതയേയും ഏകീകരിക്കാൻ ആഗ്രഹിക്കുന്നവർ ഈ വസ്തുത അറിഞ്ഞിരിക്കണം.

## 15.8 ശ്രദ്ധേയമായ പ്രയോഗങ്ങൾ

| | |
|---|---|
| 1. നൂലാമാല: | പിന്നാലെ ഒന്നൊന്നായുള്ള ഭൗതിക പ്രശ്നങ്ങൾ. |
| 2. മാനസത്തിലെ ഹംസം: | മനോഹരമായ ഒരു കവി സങ്കല്പം. മുത്തുമാത്രം സരസ്സിൽനിന്നും കൊത്തിത്തിന്നുകയും, പാലും, നീരും ചേർത്തു കൊടുത്താൽ പാൽ ഉപയോഗിക്കുകയും വെള്ളം ഉപേക്ഷിക്കുകയും ചെയ്യുന്ന പക്ഷിവിശേഷം |
| 3. കൂമ്പാരം കൂട്ടിയിടുക: | ഒന്നിനു മുകളിലൊന്നായി കൂട്ടിയിടുക. |
| 4. അസ്ത്യുത്തരസ്യാംദിശി ദേവതാത്മാ: | ഉത്തരസ്യാം ദിശി ദേവതാത്മാ അസ്തി. വടക്കു ദിക്കിൽ ദേവതാത്മാവ് ഉണ്ട്. ഹിമാലയ വർണ്ണനയാണ്. കാളിദാസൻെറ കുമാരസംഭവത്തിലെ ആദ്യത്തെ ശ്ളോകം. |
| 5. സഞ്ചാരിണീപല്ലവിനീലതേവ: | സഞ്ചാരിണീ പല്ലവിനീ ലതാ ഇവ. സഞ്ചരിക്കുന്ന പൂത്തുലഞ്ഞ വള്ളിപോലെ. 'സഞ്ചാരിണീ ദീപശിഖേവ' എന്ന ഇന്ദുമതീ സ്വയംവരവർണ്ണനയെ അനുസ്മരിപ്പിക്കുന്ന പ്രയോഗം. |

### പുരോഗതി സ്വയം പരിശോധിക്കുക—2

1. മുണ്ടശ്ശേരി നിരൂപകനെന്ന നിലയിലോ സഞ്ചാരസാഹിത്യകാരൻ എന്ന നിലയിലോ ഏതു നിലയിലാണ് പ്രശസ്തൻ?
2. ഹിമാലയത്തെ ലേഖകൻ എന്തായി വിഭാവനം ചെയ്തിരിക്കുന്നു?
3. കുമാരസംഭവത്തിൻെറ കർത്താവാരാണ്?
4. നളിനി മുണ്ടശ്ശേരിയുടെ അഭിപ്രായത്തിൽ എന്താണ്?
5. എല്ലാംകൊണ്ടും സ്വിസ്നഗരംതന്നെ. ഏത്?

## 15.9 പുരോഗതി സ്വയം പരിശോധിക്കുക—ഉത്തരം

1) 1. ശരി.
   2. തെററ്.
   3. ശരി.
   4. ശരി

2) 1. ശംഖാകൃതിയിൽ

2. ദർബാർ ചത്വരം

3. മയിൽനൃത്തങ്ങൾ

4. ദത്താത്രേയക്ഷേത്രം

5. വീരദേവൻ

6. ലളിതപുരം

3) 1. നിരൂപകൻ

2. ഇന്ത്യയുടെ ആദ്ധ്യാത്മിക സമ്പത്താകെ ഒരിടത്തു കൂമ്പാരം കൂട്ടിയിരിക്കുന്നതായി.

3. കാളിദാസൻ

4. കാളിദാസകൃതി—കുമാരസംഭവം—യുടെ സത്തു പിഴിഞ്ഞുണ്ടാക്കിയതാണ്

5. സിംല